# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാഞ്ഞൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-ഇ.കെ.എം(പി13)211/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 11/04/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാഞ്ഞൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-ഇ.കെ.എം(പി13)211/23 തീയ്യതി: 11/04/2023

## എറണാകുളം ജില്ലയിലെ കാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ബിന്ദു എസ്സ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 08-02-2023 | 17-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 08-02-2023 | 17-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സാലി ജോസഫ്, ഓഡിറ്റ് ഓഫീസർ
ഗോപകുമാർ എം.സ് , അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
വൃന്ദ സി എസ് ,സീനിയർ ഗ്രേഡ് ഓഡിറ്റർ
കിരൺ കെ എസ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി ഗ്രേസി ദയാനന്ദൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ ടി എസ് പ്രസാദ് | സെക്രട്ടറി | 01-04-2021 | 30-06-2021 |
| ശ്രീ വിൽസൺ പി .സി. | സെക്രട്ടറി | 01-07-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി എം ജയശ്രീ | അസി.സെക്രട്ടറി | 01-04-2021 | 29-10-2021 |
| ഒഴിവ് | അസി.സെക്രട്ടറി | 30-10-2021 | 07-11-2021 |
| ശ്രീമതി നഫീസ സി എം | അസി.സെക്രട്ടറി | 08-11-2021 | 31-03-2022 |
| ശ്രീമതി രജിത പി എം | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 15-07-2021 |
| ശ്രീ അരുൺകുമാർ എസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 16-07-2021 | 15-01-2022 |
| ശ്രീമതി ഷെമീന വി എ | അസിസ്റ്റന്റ് എഞ്ചിനിയർ | 16-01-2022 | 31-03-2022 |
| ശ്രീമതി എൽസ ഗിൽസ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. ഇന്ദിര പി കെ | മെഡിക്കൽ ഓഫീസർ , ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ. ലീന എസ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2021 | 31-08-2021 |
| ഡോ.അഭിജിത്ത് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-09-2021 | 31-03-2022 |
| ശ്രീ സന്ദീപ് സി പി | വി.ഇ.ഒ. പാറപ്പുറം | 01-04-2021 | 31-03-2022 |
| ശ്രീ സുനിൽ ഇ ജി | വി.ഇ.ഒ. കാഞ്ഞൂർ | 01-04-2021 | 31-03-2022 |
| ശ്രീമതി പ്രതിഭ മത്തായി | ICDS സൂപ്പർ വൈസർ | 01-04-2021 | 31-03-2022 |
| ശ്രീ പ്രശാന്ത് ഇ എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ഡോ.പ്രസീദ് ജി എ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി അളക ആർ ബാബു | ഫിഷറീസ് ഇൻസ്‌പെക്ടർ | 01-04-2021 | 31-03-2022 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രികകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമപദ്ധതികൾ | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | തൊഴിൽ നികുതി - അപാകതകൾ | 1-11 |
| 13 | കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് നടത്തിയില്ല | 1-12 |
| 14 | വെവ്വേറെ ഉപയോഗക്രമമുള്ള കെട്ടിടത്തിന് അതത് ഭാഗത്തിന് ബാധകമായ നികുതി വെവ്വേറെ കണക്കാക്കിയില്ല | 1-12-1 |
| 15 | 60 ച.മീ വരെ വിസ്തീർണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ - ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് ഇളവ് അനുവദിച്ചു | 1-13 |
| 16 | ടെലഫോൺ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക നിലനൽക്കുന്നു | 1-14 |
| 17 | കെട്ടിടങ്ങളുടെ അധിക നിർമ്മാണങ്ങൾ ക്രമവൽക്കരിച്ചിട്ടില്ല | 1-15 |
| 18 | സ്വഭാവ വ്യതിയാനം വരുത്തിയ ഭൂമിയിലെ കെട്ടിട നിർമാണം - ചട്ടപ്രകാരമുള്ള ഫീ അടവാക്കാതെ പെർമിറ്റ് അനുവദിച്ചു | 1-16 |
| 19 | റഗുലറൈസേഷൻ ഫീസ് കുറവായി ഈടാക്കി | 1-17 |
| 20 | ഹൈമാസ്റ്റ് ലൈറ്റുകൾ -AMC തുക മുൻകൂർ നല്കിയത് ക്രമവിരുദ്ധം | 1-18 |
| 21 | GST സ്രോതസ്സിൽ കുറവ് ചെയ്തിട്ടില്ല | 1-19 |
| 22 | ലൈഫ് ഭവന നിർമ്മാണം - വീട് പണി പൂർത്തിയായില്ല | 1-20 |
| 23 | എസ്റ്റിമേറ്റില്ലാതെ ഭവന പുനരുദ്ധാരണ പദ്ധതികൾക്ക് തുക നൽകി - 20,50,000 തടസ്സപ്പെടുത്തുന്നു | 1-21 |
| 24 | മേൽക്കൂര മാറ്റൽ പദ്ധതി-ഫയലുകൾ ഹാജരാക്കിയില്ല - 2,40,000 രൂപ തടസ്സം | 1-22 |
| 25 | ഹരിത കേരളം-മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ | 1-23 |

| | | |
|---|---|---|
| | അപാകതകൾ- 918750 രൂപ തടസ്സപ്പെടുത്തുന്നു | |
| 26 | വി.ജി.എഫ് പദ്ധതി - മുഴുവൻ ചെലവ് രേഖകൾ ഹാജരാക്കിയില്ല - 337683 രൂപ തടസ്സം | 1-24 |
| 27 | മരാമത്ത് പ്രവൃത്തികൾ - അപാകതകൾ | 1-25 |
| 28 | ഒരേ പ്രവർത്തിയ്ക്ക് ഒരു വർഷം വിവിധ പ്രോജക്ടുകൾ നടപ്പാക്കുന്നു. | 1-26 |
| 29 | ഹെർബർട്ട് റോഡ് മെയിന്റനൻസ് -അപാകതകൾ | 1-27 |
| 30 | റോഡ് മെയിന്റനൻസ് പ്രവൃത്തികളിലെ അപാകതകൾ | 1-28 |
| 31 | പ്രോജക്ടുകൾക്ക് അധിക വിഹിതം നല്കൽ | 1-29 |
| 32 | കൃഷിഭവൻ - ട്രെയിനിംഗ് ഹാൾ നിർമ്മാണം | 1-30 |
| 33 | സർക്കാർ അനുമതിയില്ലാതെ ആർജിതാവധി സറണ്ടർ ആനുകൂല്യം നൽകി | 1-31 |
| 34 | റിവർ മാനേജ് മെന്റ് ഫണ്ട്-ബാദ്ധ്യത തുക അക്കൌണ്ടിൽ ഇല്ല | 1-32 |
| 35 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല- ഡെപ്പോസിറ്റ് ചെയ്ത തുക തടസ്സപ്പെടുത്തുന്നു | 1-33 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ആലിൻചുവട് റോഡ് മെയിന്റനൻസ്-അപാകതകൾ | 3-1 |
| 2 | ടെൻഡർ എക്സസ് വീണ്ടും നല്കിയത് തിരികെ ഈടാക്കേണ്ടതാണ് | 3-2 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് 19.2.21 ലെ 1(1)നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. 2021-22 വർഷത്തെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരവും ധനകാര്യപത്രിക പ്രകാരമുള്ള വരവ് ചെലവുകളും താഴെ ചേർക്കുന്നു.

| | ബജറ്റ് | ധനകാര്യപത്രിക പ്രകാരം |
|---|---|---|
| വരവ് | 160732000 | 7,21,24,986 |
| ചെലവ് | 159209740 | 7,52,94,637 |

ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകളിലും ധനകാര്യപത്രിക പ്രകാരമുള്ള വരവ് ചെലവുകളിലും വലിയ അന്തരം കാണുന്നു. വർഷാവസാനം തയ്യാറാക്കുന്ന റിവൈസ്ഡ് ബജറ്റിലും യഥാർത്ഥത്തിലുള്ള വരവ് ചെലവിനനുസൃതമായ മാറ്റം വരുത്തുന്നില്ല. ബജറ്റ് തയ്യാറാക്കുമ്പോൾ പ്രതീക്ഷിത വരവ് ചെലവുകൾ യുക്തിസഹവും, യഥാർത്ഥ്യവുമാകാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 21.07.2022 |

### 1-2-1 വാർഷിക ധനകാര്യപത്രികകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തിലെ വാർഷിക ധനകാര്യപത്രികകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്).

2. ബാലൻസ് ഷീറ്റ് ബി 11 ഷെഡ്യൂൾ പ്രകാരം 20 ഹെഡുകളിലായി ആസ്തികൾ അക്കൌണ്ട് ചെയ്തിട്ടുണ്ട് എങ്കിലും അക്യുമുലേറ്റഡ് ഡിപ്രസിയേഷൻ 10ഹെഡുകളിലായി ആണ് അക്കൌണ്ട് ചെയ്തിട്ടുള്ളത്. വിവിധ ഡിപ്രസിയേഷൻ റേറ്റുകളുള്ള പല ആസ്തികളുടെയും ഡിപ്രസിയേഷൻ അദർ ഫിക്സഡ് അസറ്റ് എന്ന ഹെഡിലാണ് ചേർത്തിരിക്കുന്നത്. ആയതിനാൽ അദർ ഫിക്സഡ് അസറ്റ് തുക 3,05.414/- ആണെങ്കിലും അതിന്റെ ഡിപ്രസിയേഷൻ ആസ്തി മൂല്യത്തിനേക്കാൾ വളരെ കൂടുതലായി 60,79,056/ ആയി രേഖപ്പെടുത്തിയിരിക്കുന്നു. ആസ്തികളുടെ കാലപ്പഴക്കം സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമല്ല.

3. ബാലൻസ് ഷീറ്റിൽ B-9 ഷെഡ്യൂളിൽ (Other Liabilites (Sundry Creditors)) താഴെപ്പറയുന്ന ഹെഡ് ഓഫ് അക്കൗണ്ടുകളിൽ കാണിച്ചിരിക്കുന്ന ഇനങ്ങളുടെ ബാദ്ധ്യതത്തുകയ്ക്ക് തുല്യമായ തുക പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലോ, പ്രത്യേകാവശ്യ അക്കൗണ്ടുകളിലോ നീക്കിയിരുപ്പില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ( എൻക്വയറി. നം. 02/2023 തീയതി. 09.02.2023) നല്കിയ മറുപടിയിൽ റിവർ മാനേജ്മെന്റ് ഫണ്ടിനത്തിൽ 2015 വരെ തുക അടവാക്കിയിട്ടുണ്ട്. പിന്നീട് മണൽ വാരൽ നിന്ന് പോയതിനാലും പഞ്ചായത്ത് വിഹിതം അടവാക്കാനുള്ള സാമ്പത്തികസ്ഥിതി ഇല്ലാത്തതിനാലും 2015 -ന ശേഷം RMF ഇനത്തിൽ തുക അടവാക്കിയിട്ടില്ല. എന്നാൽ B-9 ഷെഡ്യൂളിൽ (Other Liabilites (Sundry Creditors) ൽ 31.03.2022-ൽ താഴെപ്പറയും പ്രകാരം ബാദ്ധ്യത കാണിച്ചിട്ടുണ്ട്.

| ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | തുക |
|---|---|---|
| 350 300 107 | Government And Other Dues Payable- River Management Fund | 1,05,21,582 |
| 350 300 108 | Government And Other Dues Payable- Royalty | 2,40,338 |

മേൽപ്പറഞ്ഞ പ്രകാരം കാണിച്ചിരിക്കുന്ന ബാദ്ധ്യത തുകയുടെ കൃത്യത ഉറപ്പാക്കി ഓഡിറ്റിൽ

അറിയിക്കേണ്ടതാണ്.

4. RP -47 ഷെഡ്യൂൾ പ്രകാരം KSEBയ്ക്ക് മുൻകൂർ തുക ചെലവഴിതായി ചേർത്തിട്ടില്ല. എന്നാൽ ഈയിനത്തിൽ 2,62,296/- രൂപ ചെലവഴിച്ചിട്ടുണ്ട്. അപാകത പരിഹരിക്കേണ്ടതാണ്.

5. വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (-) 31,69,651/-രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2021-22 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 41,15,464 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 16663156.00 |
| ഓഡിറ്റ് വർഷത്തെ വരവ് | 72124986.00 |
| ആകെ | 88788142.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 75294637.00 |
| നീക്കിയിരുപ്പ് | 13493505.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 14,352 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 68,53,182 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കി യിരുപ്പ് | ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 11193867 | 11193867 | 1180093 | 0 | 13774 |
| വികസന ഫണ്ട്(എസ്.സി.പി) | 0 | 4157667 | 4157667 | 4127349 | 0 | 30318 |
| വികസനഫണ്ട്(ടി.എസ്.പി) | 0 | 72000 | 72000 | 68090 | 0 | 3910 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 23998426 | 23998426 | 18184171 | 0 | 5814255 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 5137423 | 5137423 | 3423115 | 0 | 1714308 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied) | 0 | 5590756 | 5590756 | 4246932 | 746889 | 596935 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied) | 0 | 3591064 | 3591064 | 2971783 | 360406 | 258875 |
| കേന്ദ്രാവിഷ്കൃതഫണ്ട് | | | | | | |
| 320 100 115 – TSC-PBIG | 1738581 | 0 | 1738581 | 958800 | 779781 | |
| 320 100 121 - ICDS | 841539 | 1040170 | 1881709 | 1197760 | 683949 | - |
| സംസ്ഥാനാവിഷ്കൃതഫണ്ട് | | | | | | |
| 320 200 302 ( ഇക്കോ ഫ്രണ്ട്‌ലി ടോയ്‌ലറ്റ്) | 36044 | 0 | 36044 | 0 | 36044 | |
| 320 300 199 –TSCസാനിറ്റേഷൻ | 824579 | 11541 | 836120 | 818430 | 17690 | |
| 320 100 103 – ശുചിത്വമിഷൻ-SBM | 802847 | 1,50,000 | 952847 | 314500 | 638347 | |
| 320 200 201 – കൃഷിവകുപ്പ് ഗ്രാന്റ് | 75562 | 0 | 75562 | 17450 | 58112 | |
| 320 300 102 – ജലനിധി | 1137938 | 12998 | 1150936 | 0 | 1150936 | |

| | | | | | | |
|---|---|---|---|---|---|---|
| 320 600 101 – എം എൻ ഹൗസിങ്ങ് | 1312876 | 0 | 1312876 | 0 | 1312876 | |

| | സ്രോതസ്സിൽ കുറവ് വരുത്തിയ തുക | ക്യാപിറ്റൽ കോൺട്രിബ്യൂഷൻ |
|---|---|---|
| വികസന ഫണ്ട് (ജനറൽ) | 1389133 | 347238 |
| വികസന ഫണ്ട് (എസ് സി പി) | 117333 | |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | | 322972 |
| MGNREGS | | 1388894 |
| ശുചിത്വ മിഷൻ ഫണ്ട് | | 164500 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 173 | 97993823 | 147 | 53018396 | 35 | 26 | 112 | 64.73% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 93,487 +1000(refund) | 658535 | 753022 | 749146 | 3876 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | - | 1,80,60,836 | 1,80,60,836 | 1,80,60,836 | |
| ആകെ | 94,487 | 1,87,19,371 | 1,88,13,858 | 1,88,09,982 | 3,876 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 5854400 | 174 |
| വിധവാപെൻഷൻ | 12102800 | 622 |
| വാർദ്ധക്യകാലപെൻഷൻ | 31651100 | 2160 |
| വികലാംഗപെൻഷൻ | 3918600 | 145 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള ധനസഹായം | 918000 | 33 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.02.2023 തീയതിയിൽ ഉച്ചയ്ക്ക് 3.00 P.M ന് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 18942/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ചുവടെ ചേർക്കുന്ന വിഷയങ്ങളിൽ ഭരണാധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1.മരാമത്ത് പ്രവൃത്തികൾ

I) മരാമത്ത് പ്രവൃത്തികളുടെ ഫയലുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. പ്രവൃത്തികളുടെ ഫയലുകളിൽ സൈറ്റ് പ്ലാൻ , എസ്റ്റിമേറ്റ് റിപ്പോർട്ട് , റോഡ് കണക്റ്റിവിറ്റി മാപ്പ് (ചെയിനേജ്) എന്നിവ സൂക്ഷിക്കുന്നില്ല. പ്രവൃത്തികൾ പ്രോജക്റ്റിൽ വിഭാവനം ചെയ്യുന്നതു പോലെ പൂർത്തികരിക്കുന്നുണ്ടെന്ന് ഭരണാധികാരികൾ ഉറപ്പുവരുത്തുകയും ശേഷം മാത്രമേ തുക നല്കുകയും ചെയ്യാവൂ.

Ii)ഒരേ പ്രവർത്തിയ്ക്ക് ഒരു വർഷം വിവിധ പ്രോജക്റ്റുകൾ നടപ്പാക്കുന്നു.ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും ഓരോ വർഷവും നടത്തുവാൻ ഉദ്ദേശിക്കുന്ന പൊതുമരാമത്ത് പണികളുടെ ലിസ്റ്റും ഇതിൽ ഉൾപ്പെട്ട ഓരോ പ്രവൃത്തികളുടെയും റഫ് കോസ്റ്റ് എസ്റ്റിമേറ്റും തയ്യാറാക്കേണ്ടതാണ്. ആ ലിസ്ററിലുള്ള വർക്കുകൾക്കാണ് ഭരണാനുമതി നല്കേണ്ടത്. അതിനാൽ ഒരേ പ്രവർത്തിയ്ക്ക് ഒരു വർഷം വിവിധ പ്രോജക്റ്റുകൾ നടപ്പാക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

Iii)PWD റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ നടപ്പാക്കുന്നത് പഞ്ചായത്തിന്റെ അനിവാര്യ ചുമതലയല്ല. ഇപ്രകാരം നടപ്പാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും ഈ നിർമ്മാണ പ്രവൃത്തിയിൽ ഉൾപ്പെട്ട സ്ഥലം പഞ്ചായത്തിന്റെ ആസ്തിയാണോ എന്നും പരിശോധിക്കേണ്ടതാണ്.. കൂടാതെ ഈ കാലയളവിൽ മറ്റ് PWD റോഡ് വർക്കുകൾ നടപ്പാക്കുന്നതിന് തുക ചെലവഴിച്ചിട്ടുണ്ടോ/ഇല്ലയോ എന്നും രേഖകൾ സഹിതം വിശദീകരിക്കപ്പെടേണ്ടതാണ്.

Iv)മുൻ വർഷങ്ങളിൽ ചെയ്ത വർക്കുകൾ വീണ്ടും നടപ്പാക്കുന്നു . ഒരേ പ്രവൃത്തികൾ തുടർ വർഷങ്ങളിൽ നടപ്പാക്കുമ്പോൾ സ്പിൽ ഓവർ പ്രോജക്റ്റായി നടപ്പാക്കാവുന്നതാണ്. അല്ലെങ്കിൽ നടപ്പാക്കുന്ന പ്രവൃത്തികളിൽ ഇരട്ടിപ്പ് വന്നിട്ടില്ല എന്നുറപ്പാക്കുന്നതിന് ആവശ്യമായ രേഖകൾ ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

2)തെരുവു വിളക്കുകളുടെ പരിപാലനത്തിനായി സുതാര്യമായ രീതിയിൽ തുക ചെലവഴിക്കേണ്ടതാണ്. തെരുവു വിളക്കുകളുടെ എണ്ണം കെ എസ് ഇ ബിയുമായി സംയുക്ത പരിശോധന നടത്തി തെരുവുവിളക്കുകളുടെ എണ്ണം കൃത്യമാക്കി അവയുടെ പരിപാലനത്തിനായി തുക ചെലവഴിക്കേണ്ടതാണ്.

3)വി ഇ ഒ നടപ്പാക്കുന്ന പ്രോജക്ടുകളുടെ രേഖകളുടെ പരിപാലനം തൃപ്തികരമായ രീതിയിലല്ല. ഗുണഭോക്താക്കൾ തുക കൈപ്പറ്റിയ വിവരം സംബന്ധിച്ച കൃത്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.02.2021 | ഒക്ടോബർ 2020 മുതൽ ഡിസംബർ 2020 വരെ | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27.02.2015 മുതൽ 12.03.2015 വരെ | 2009- 10 മുതൽ 2013-14 വരെ | 02.06.2015 |

## 1-11 തൊഴിൽ നികുതി - അപാകതകൾ

ഗ്രാമപഞ്ചായത്തിലെ 2021-22 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രേഖകൾ പരിശോധിച്ചതിൽ

കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1)താഴെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ ന | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | Toshma റബ്ബർ പ്രൊഡക്ട്സ്, കാഞ്ഞൂർ | I & II |
| 2 | സൂര്യ ഫുഡ് പ്രൊഡക്ട്സ് , പാറപ്പുറം | II |
| 3 | KGEE Plast, പാറപ്പുറം | I & II |
| 4 | നന്ദിനി ഫ്ലവർ മില്ല്, കാഞ്ഞൂർ | II |
| 5 | മലബാർ ഹോളോ ബ്രിക്സ് | I & II |
| 6 | ഖാദേഴ്സ് ഫുഡ് പ്രൊഡക്ട്സ് | I & II |
| 7 | KUCSE 179D(APCOS), പാറപ്പുറം | I & II |
| 8 | സോളി ഓഫ്സെറ്റ് പ്രിന്റേഴ്സ് | I & II |
| 9 | അക്ഷയ കേന്ദ്രം, കാഞ്ഞൂർ | I & II |
| 10 | ഹോട്ടൽ പനോരമിക് | I & II |

2)താഴെ ചേർക്കുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ ന | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | കെ.എസ്.എഫ്.ഇ | II |
| 2 | കെ.എസ്.ഇ.ബി | I & II |
| 3 | കാഞ്ഞൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | I & II |
| 4 | ക്ഷീരോൽപ്പാദക സഹകരണ സംഘം ഇ.28, കാഞ്ഞൂർ | II |
| 5 | ക്ഷീരോൽപ്പാദക സഹകരണ സംഘം ഇ.75, പാറപ്പുറം | II |
| 6 | കിഴക്കുംഭാഗം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | I & II |
| 7 | അക്ഷയ കേന്ദ്രം, കാഞ്ഞൂർ | I & II |

3)ലൈസൻസ് രജിസ്റ്റർ പ്രകാരം 2021-22 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ച പല സ്ഥാപനങ്ങളിലും ജീവനക്കാർ ഉള്ളതായി ലൈസൻസ് അപേക്ഷയിൽ തന്നെ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരുടെ തൊഴിൽ നികുതി തൊഴിലുടമ മുഖേന ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസിയുടെ പേര് | അപേക്ഷ പ്രകാരമുള്ള ജീവനക്കാരുടെ എണ്ണം | ലൈസൻസ് നം. |
|---|---|---|---|---|
| 1 | സഹകരണ നീതി | സെക്രട്ടറി, കാഞ്ഞൂർ | 9 | 282/21-22 |

| | | | | |
|---|---|---|---|---|
| | സൂപ്പർമാർക്കറ്റ് | സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലി.454 | | |
| 2 | എപ്സിലോൺ ഇലക്ട്രിക്കൽ എഞ്ചിനീറിംഗ് | എൽദോ വർഗ്ഗീസ് & കുര്യാക്കോസ് മത്തായി | 7 | 309/21-22 |
| 3 | വി-വൺ ഇൻഡസ്ട്രീസ് | സിജോ ജോസ് | 4 | 304/21-22 |
| 4 | എയ്ഞ്ചൽ ഇംപെക്സ് | റെജി കുര്യൻ | 4 | 278/21-22 |
| 5 | സ്പീഡ്‌വേ കാർഗോ & കൊറിയൽ സർവ്വീസ് | അബ്ദുൾ നാസർ | 8 | 272/21-22 |
| 6 | റോസറി പാക്കേജിംഗ് | റീനമോൾ ആന്റണി | 12 | 269/21-22 |
| 7 | ഗ്രാന്റ് എഞ്ചിനീറിംഗ് വർക്ക്സ് | സന്തോഷ് | 6 | 262/21-22 |
| 8 | വള്ളൂർ മോട്ടോഴ്സ് പ്രൈ.ലി. | ഡിക്ലസ് ഡി വള്ളൂർ | 10 | 226/21-22 |
| 9 | വി.കെ.ഡി വെജിറ്റബിൾസ് | ജോബിൻ തങ്കച്ചൻ | 6 | 155/21-22 |
| 10 | മിലാസ് എന്റർപ്രൈസസ് | സി.എ സലിം | 5 | 153/21-22 |
| 11 | പേൾ മാർക്കറ്റിംഗ് | സി.എ സലിം | 5 | 152/21-22 |
| 12 | സീ സീ കേക്കഷോപ്പ് | സിബി സുനിൽകുമാർ | 4 | 131/21-22 |
| 13 | നാച്ചുറൽ റിന്യൂവബിൾ എനർജി & ടെക്നോളജി | സുമി ബൈജു | 6 | 101/21-22 |

മേൽ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം 24/16.2.2023) സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് മറുപടി നൽകി.

ഓഡിറ്റ് നിർദ്ദേശം

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 205(ബി) പ്രകാരം സെക്രട്ടറി മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നോട്ടീസ് നൽകേണ്ടതും ആയത് ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

1-12 കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് നടത്തിയില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിൽ ഗ്രാമപഞ്ചായത്തിലെ ഒന്ന്, രണ്ട് വാർഡുകൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നാളിതുവര ഡിമാന്റ് ചെയ്യിട്ടില്ല (ഡിമാന്റ് തുക 0)

| ക്രമ നമ്പ | വാർഡ്/കെട്ടിട നമ്പർ | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം |
|---|---|---|---|---|
| 1 | 1/266 | ഡേവിസ് പി ഐ | പാർപ്പിടം | 106.72 $M^2$ |
| 2 | 1/391 | ദാസൻ പി കെ | പാർപ്പിടം | 85.21 $M^2$ |
| 3 | 1/ 454 | രാജീവ് പി കെ | പാർപ്പിടം | 78.8 $M^2$ |
| 4 | 1/456 | സജീവ് പി കെ | പാർപ്പിടം | 73.77 $M^2$ |
| 5 | 1/457 | സന്തോഷ് പി കെ | പാർപ്പിടം | 95.3 $M^2$ |
| 6 | 2/113 | അസീസ് | പാർപ്പിടം | 65 $M^2$ |
| 7 | 2/157 | ബേബി | പാർപ്പിടം | 74.32 $M^2$ |
| 8 | 2/263 | മാധവൻ | പാർപ്പിടം | 88.3 $M^2$ |
| 9 | 2/310 | ദേവസ്സിക്കുട്ടി | പാർപ്പിടം | 78.96 $M^2$ |
| 10 | 2/317 | ഐപ്പ് പാപ്പച്ചന് | പാർപ്പിടം | 78.96 M2 |
| 11 | 2/322 | പ്രകാശ് | പാർപ്പിടം | 78.96 M2 |
| 12 | 2/345 | ജോഷി | പാർപ്പിടം | 78.96 M2 |
| 13 | 2/361 | അലിയാർ | പാർപ്പിടം | 97.45 $M^2$ |
| 14 | 2/432 | ചന്ദ്രൻ | പാർപ്പിടം | 78.96 M2 |
| 15 | 2/444 | ലീല സുഭാഷ് | പാർപ്പിടം | 78.96 M2 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പുകൾക്ക് (നം:25/16.02.2023) മറുപടി ലഭിച്ചില്ല. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് മേൽ സൂചിപ്പിച്ച പ്രകാരമുള്ള അപാകങ്ങൾ കണ്ടെത്തേണ്ടതും പ്രസ്തുത കെട്ടിടങ്ങളുടെ വസ്തു നികുതി നിർണയിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല.

താഴെപ്പറയുന്ന ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ 2021-22 വർഷം വരെയുള്ള വസ്തു നികുതി നാളിതുവരെ ഒടുക്കിയിട്ടില്ല.

| ക്രമ | വാർഡ് | ഉടമയുടെ പേര് |
|---|---|---|

| നം | നം/കെട്ടിട നം | |
|---|---|---|
| 1 | 2/187 T | റിലയൻസ് |
| 2 | 4/365 T | കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് |

ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-12-1 വെവ്വേറെ ഉപയോഗക്രമമുള്ള കെട്ടിടത്തിന് അതത് ഭാഗത്തിന് ബാധകമായ നികുതി വെവ്വേറെ കണക്കാക്കിയില്ല

പഞ്ചായത്ത് പരിധിയിലെ വാണിജ്യാവശ്യത്തിനുള്ള 100 ച:മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നീ കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ച.മീറ്ററിന് 70/-രൂപയും അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ഓഡിറ്റോറിയം, കല്യാണമണ്ഡപം,ലോഡ്ജ് കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ച.മീറ്ററിന് 40/-രൂപയും ആയി നികുതി നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിട്ടുണ്ട്.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 9(2) പ്രകാരം വെവ്വേറെ ഉപയോഗക്രമമുള്ള കെട്ടിടത്തിന്റെ കാര്യത്തിൽ അതത് ഭാഗത്തിന് ബാധകമായ നികുതി വെവ്വേറെ കണക്കാക്കി മൊത്തം വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. ശ്രീ.വിനു മാണി, ഇടശ്ശേരി വീട്, തോട്ടക്കാട്ടുകര എന്ന വ്യക്തിക്ക് 01/06/2020 തീയതിയിൽ A3-442/20 പെർമിറ്റ് പ്രകാരം 129/1 റീ സർവ്വേ നമ്പറിൽപ്പെട്ട 87.10 ആർ സ്ഥലത്ത് താഴെ പറയും പ്രകാരം A2 ഗണത്തിൽപ്പെട്ട കെട്ടിടം പണിയുന്നതിന് അനുമതി നൽകിയിരുന്നു.

| | |
|---|---|
| താഴത്തെ നില | 598.76 ച.മീറ്റർ |
| ഒന്നാം നില | 540.80 ച.മീറ്റർ |
| Head Room | 46.05 ച.മീറ്റർ |
| ആകെ | 1185.61 ച.മീറ്റർ |

പ്രസ്തുത കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പരിശോധിച്ചതിൽ താഴെ പറയുന്ന അളവുകളിൽ പൂർത്തിയാക്കിയ കെട്ടിടത്തിന്റെ താഴത്തെ നിലയിൽ റസ്റ്റോറന്റും ഒന്നാം നിലയിൽ ലോഡ്ജ് റൂമുകളുമാണെങ്കിലും സഞ്ചയയിൽ മുഴുവൻ കെട്ടിടത്തെയും (കെട്ടിട നം: 7/354 A) ലോഡ്ജ് ഉപയോഗക്രമത്തിലുൾപ്പെടുത്തി ചതുരശ്രമീറ്ററിന് 40/- രൂപ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നു.

| | |
|---|---|
| താഴത്തെ നില | 715.09 ച.മീറ്റർ |
| ഒന്നാം നില | 618.33 ച.മീറ്റർ |
| Head Room | 98.95 ച.മീറ്റർ |
| Transformer, Electrical & Pumb Room | 64.25 ച.മീറ്റർ |
| ആകെ | 1496.62 ച.മീറ്റർ |
| സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതി | 1496.62*40= 59864.80 |

വ്യത്യസ്ത ഉപയോഗക്രമങ്ങളുള്ള മേൽ കെട്ടിടത്തിനു അതത് ഭാഗത്തിന് ബാധകമായ നികുതി കണക്കാക്കാത്തതിനു വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (19/15.02.2023)മറുപടി നൽകിയില്ല.

ഓഡിറ്റ് നിർദ്ദേശം

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 9(2) പ്രകാരം വെവ്വേറെ ഉപയോഗക്രമമുള്ള മേൽ കെട്ടിടത്തിന് അതത് ഭാഗത്തിന് ബാധകമായ നികുതി വെവ്വേറെ കണക്കാക്കി മൊത്തം വസ്തുനികുതി നിർണ്ണയിക്കേണ്ടതും ആയത് നിശ്ചയിച്ചുകൊണ്ടുള്ള ഫോറം 6 ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 1-13 60 ച.മീ വരെ വിസ്തീർണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ - ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് ഇളവ് അനുവദിച്ചു

ജി.ഒ(എം.എസ്).144/15/തസ്വഭവ തീ.27.04.2015, ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ, കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായി പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | പേര് /വിലാസം |
|---|---|---|
| 1 | 1/105 | എം കെ കുഞ്ഞുമോൻ, കുഞ്ഞുകുട്ടൻ(പിതാവ്), ഓമന(മാതാവ്),രതീഷ്(സഹോദരൻ), മണിയിട്ടകുട്ടം വീട്, തുറവുങ്കര |
| | 1/105 B | |
| 2 | 1/107 | കെ പി ശിവൻ, കൊരട്ടിക്കുട്ടം |
| | 1/107 A | |
| 3 | 4/72 | ബെറ്റി,അന്നം,വടക്കുഞ്ചേരി വീട്, ചെങ്ങൽ,കാലടി |
| | 4/72 A | |
| 4 | 4/402 A | ദേവസ്സി S/o മാണി, വാഴപ്പിള്ളി,കാഞ്ഞൂർ |
| | 4/403 | |
| 5 | 5/40 | അയ്യപ്പൻ വേലായുധൻ, പിച്ചനാട്ട് വീട് |
| | 5/40 A | |
| 6 | 5/413 | ആന്റു, മേഴ്സി, വടക്കുംതല വീട്, കാഞ്ഞൂർ |
| | 5/413 A | |

മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഒന്നിൽക്കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയതിനു വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (25/16.02.2023)മറുപടി നൽകിയില്ല.ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 ടെലഫോൺ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക നിലനൽക്കുന്നു

പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന മൊബൈൽ ടവറുകളിൽ നിന്നും 2021-22 വർഷം വരെയുള്ള വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കാനുണ്ട്. ടവർ പ്രവർത്തിക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി ചട്ടങ്ങൾ പ്രകാരം കണക്കാക്കിയ തുകയാണ് മൊബൈൽ ടവർ കമ്പനികൾ നികുതിയായി പഞ്ചായത്തിൽ ഒടുക്കേണ്ടത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നം/കെട്ടിട നം | ഉടമയുടെ പേര് | അഡ്രസ്സ് | ആകെ കുടിശ്ശിക |
|---|---|---|---|---|
| 1 | 2/187 T | റിലയൻസ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് | ഇൻഫ്രാടെൽ ലിമിറ്റഡ്, ഡി ഡി ടവർ, കത്രിക്കടവ് റോഡ്, കലൂർ , എറണാകുളം,കൊച്ചിൻ | 52920 |
| 2 | 4/365 T | | | 59535 |

മൊബൈൽ ടവറുകളുടെ വസ്തുനികുതി ഇനത്തിൽ ലഭിക്കേണ്ട നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ധനകാര്യ

സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തു നിന്നും സത്വര നടപടികൾ ഉണ്ടാകേണ്ടതാണ്.സർക്കാർ ഉത്തരവ്‌ നം.GO(MS) 113/2009/LSGD പ്രകാരം, മൊബൈൽ ടവറുകളുടെ സ്ഥാപനം ,പ്രവർത്തനം എന്നിവ ക്രമീകരിക്കുന്നത് തദ്ദേശ സ്ഥാപനത്തിന്റെ പരിധിയിൽ വരുന്ന കാര്യമാണ്.അതിനാൽ വസ്തുനികുതി പിഴപ്പലിശ സഹിതം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.(ഓഡിറ്റ് അന്വേഷണം : 25/16.02.2023)

## 1-15 കെട്ടിടങ്ങളുടെ അധിക നിർമ്മാണങ്ങൾ ക്രമവൽക്കരിച്ചിട്ടില്ല

പഞ്ചായത്തിലെ ബിൽഡിംഗ് പെർമിറ്റ് ഫയലുകൾ പരിശോധിച്ചതിൽ, Proposed പ്ലാൻ പ്രകാരം പുതിയ കെട്ടിടം(New Building) നിർമ്മിക്കാനുള്ള പ്ലോട്ടിൽ നിലവിലുള്ള കെട്ടിടത്തിന്റെ (Existing Building)നമ്പർ ഉപയോഗിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ പരിശോധന നടത്തിയപ്പോൾ പ്രസ്തുത കെട്ടിടങ്ങളുടെ വിസ്തീർണ്ണം പ്ലാനിൽ രേഖപ്പെടുത്തിയിരിക്കുന്ന വിസ്തീർണ്ണവുമായി പൊരുത്തപ്പെടുന്നില്ല.

| ക്രമ നം | ഫയൽ നം/വിശദാംശങ്ങൾ | നിലവിലുള്ള കെട്ടിടത്തിന്റെ നമ്പർ/ ഉപയോഗക്രമം | പ്ലോട്ടിൽ നിലവിലുള്ള കെട്ടിടത്തിന്റെ വിസ്തീർണം (പ്ലാൻ പ്രകാരം) | സഞ്ചയ പ്രകാരം നിലവിലുള്ള കെട്ടിടത്തിന്റെ വിസ്തീർണം | വ്യത്യാസം |
|---|---|---|---|---|---|
| 1 | ഫയൽ നമ്പർ - A3-4437/21 തീയതി: 31.08.2021 കെട്ടിട ഉടമ -ബീരാക്കുട്ടി സുൽത്താൻ, പള്ളിക്കപ്പാറ വീട്, ശ്രീമൂലനഗരം പെർമിറ്റ് നം : A3-BA(309727)/2021 തീയതി : 8.12.21 റീ സർവ്വേ നം : 89/16-4 | 13/81 പാർപ്പിടം | 77.63ച.മീ | 30ച.മീ | 47.63ച.മീ |
| 2 | ഫയൽ നമ്പർ - A3-83/22 തീയതി: 05.01.2022 കെട്ടിട ഉടമ -ഡോ.രാഘവൻ& ശാരദ രാമസ്വാമി, സൌത്ത് പാലസ്, പുതിയേടം പെർമിറ്റ് നം : A3-BA(264393)/20212 തീയതി : 12.08.2022 റീ സർവ്വേ നം : R-149 | 6/222 പാർപ്പിടം | 256.34 ച.മീ | 145 ച.മീ | 111.34 ച.മീ |

മേൽ കെട്ടിടങ്ങളുടെ അധിക നിർമ്മാണം, നാളിതുവരെ ക്രമവൽക്കരിച്ച് വസ്തുനികുതി

കണക്കാക്കാത്തതിനു വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (16/15.02.2023) മറുപടി ലഭിച്ചില്ല. പ്രസ്തുത കെട്ടിടങ്ങളുടെ അധിക നിർമ്മാണങ്ങൾ ക്രമവൽക്കരിക്കേണ്ടതും വസ്തുനികുതി പുനർനിർണ്ണയിച്ച് ആയതിന്റെ ഫോറം 6 ഓഡിറ്റ് ഹാജരാക്കേണ്ടതുമാണ്.

1-16 സ്വഭാവ വ്യതിയാനം വരുത്തിയ ഭൂമിയിലെ കെട്ടിട നിർമാണം - ചട്ടപ്രകാരമുള്ള ഫീ അടവാക്കാതെ പെർമിറ്റ് അനുവദിച്ചു

2018 ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ(ഭേദഗതി) ചട്ടങ്ങളിലെ ചട്ടം 12(9) പ്രകാരം സ്വഭാവ വ്യതിയാനം വരുത്തുവാൻ ഉദ്ദേശിക്കുന്ന ഭൂമിയിൽ നിർമിക്കുവാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ തറവിസ്തീർണ്ണം 3000 ചതുരശ്ര അടിയിൽ കൂടുതലാണെങ്കിൽ, അധികമായി വരുന്ന ഓരോ ചതുരശ്ര അടിക്കും 100 രൂപ നിരക്കിലുള്ള ഫീസ് കൂടി അടയ്ക്കേണ്ടതാണ്.

കാഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ ശ്രീ.ജയൻ ഡേവീസ്, തെറ്റയിൽ വീട് ,കാഞ്ഞൂർ പി.ഒ- എന്നയാളുടെ ഉടമസ്ഥതയിലുള്ള വില്ലേജ് ബി.ടി.ആർ റിക്കാർഡുകൾ പ്രകാരം 'നിലം' എന്ന് രേഖപ്പെടുത്തിയിട്ടുള്ള ആലുവ താലൂക്ക് കിഴക്കുംഭാഗം വില്ലേജ്, ബ്ലോക്ക് 29 സർവ്വേ നമ്പർ 54/17-7 ൽ പ്പെട്ട 4.11 ആർ വസ്തുവും, 54/17-4-2, 54/17-4-3 എന്നിവയിൽ പ്പെട്ട 4.22 ആർ വസ്തുവും ബഹു. സബ് കളക്ടറുടെ 13.03.2020 തീയതിയിലെ കെ1-1560/19/കെ-ഡിസ്, കെ1-1561/19/കെ-ഡിസ് എന്നീ നമ്പർ നടപടിക്രമങ്ങൾ പ്രകാരം മേൽ ചട്ടപ്രകാരമുള്ള നിബന്ധന കൂടി ഉൾപ്പെടുത്തി സ്വഭാവ വ്യതിയാനം അനുവദിച്ചുകൊണ്ടും ആലുവ തഹസിൽദാറുടെ(എൽ.ആർ)05.10.2020 തീയതിയിലെ സി.-8-3025/ഡിഡിഎസ് നമ്പർ നടപടിക്രമം പ്രകാരം മേൽ വസ്തുക്കൾക്ക് 54/29 സബ് ഡിവിഷൻ അംഗീകരിച്ച് ഭൂനികുതി പുനർനിർണ്ണയിച്ചും ഉത്തരവായിട്ടുള്ളതാണ്. കൂടാതെ മേൽ വസ്തുവിൽ 3000 ചതുരശ്ര അടിയിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടം നിർമ്മിക്കുന്ന പക്ഷം 0029-800-88 എന്ന ശീർഷകത്തിൽ അധികമായി വരുന്ന ഓരോ ചതുരശ്ര അടിക്കും 100 രൂപ നിരക്കിലുള്ള ഫീസ് കൂടി ഒടുക്കിയ ശേഷം മാത്രം കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പെർമിറ്റ് അനുവദിക്കേണ്ടതാണെന്നും മേൽ നടപടി ക്രമങ്ങളിൽ നിർദ്ദേശിച്ചിട്ടുണ്ട്.

പ്രസ്തുത വസ്തുവിൽ 1307.29 ച.മീറ്റർ വിസ്തീർണ്ണമുള്ള റസിഡൻഷ്യൽ (925.44 ച.മീറ്റർ) കം കൊമേർഷ്യൽ (381.85 ച.മീറ്റർ) കെട്ടിടം നിർമ്മിക്കുന്നതിന് താഴെ പറയുന്ന തുക മേൽ ശീർഷകത്തിൽ അടവാക്കിയതിന്റെ ചലാൻ ലഭ്യമാക്കാതെയാണ് ശ്രീ.ജയൻ ഡേവീസിന് 27.04.2021 തീയതിയിൽ A3-BA(106795)/2021 നമ്പറായി പഞ്ചായത്ത് നിർമ്മാണാനുമതി നൽകിയത്. ഇതുമൂലം ടി ഇനത്തിൽ സർക്കാരിന് ലഭ്യമാകേണ്ട വരുമാനത്തിൽ വലിയ കുറവുണ്ടായിട്ടുണ്ട്.

| | |
|---|---|
| കെട്ടിടത്തിന്റെ വിസ്തീർണ്ണം | 1307.29 * 10.764 = 14071.67 ചതുരശ്ര അടി |
| അധികരിച്ച നിർമിച്ച വിസ്തീർണ്ണം | 14071.67 – 3000 = 11071.67 ചതുരശ്ര അടി |
| ചട്ടം 12(9) പ്രകാരം ഒടുക്കേണ്ട ഫീസ് | 11071.67 * 100 = 11,07,167/- രൂപ |

മേൽ തുക ഒടുക്കിയതു സംബന്ധിച്ച രേഖകൾ ലഭ്യമാണെങ്കിൽ ഓഡിറ്റിന് ഹാജരാക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം പ്രസ്തുത അപാകതയ്ക്ക് വിശദീകരണമാവശ്യപ്പെട്ടും നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (4/10.02.2023) മറുപടി ലഭിച്ചില്ല.മേൽ തുക അടവാക്കുന്നത് സംബന്ധിച്ച് കക്ഷിയെ അറിയിക്കേണ്ടതും ആയത് സർക്കാരിലേയ്ക്ക് അടവാക്കുന്ന മുറയ്ക്ക് ചലാൻ സഹിതം ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

1-17 റഗുലറൈസേഷൻ ഫീസ് കുറവായി ഈടാക്കി

ഗ്രാമപഞ്ചായത്തിലെ താഴെ പറയുന്ന കെട്ടിടത്തിന്റെ അധികനിർമ്മാണത്തിന് റഗുലറൈസേഷൻ ഫീസ്

കുറവായി ഈടാക്കി.

| ഫയൽ നമ്പർ/ തീയതി | പേര് | പെർമിറ്റ് പ്രകാരമുള്ള ഏരിയ | Completion Plan പ്രകാരമുള്ള ഏരിയ | അധികമായി നിർമിച്ച ഏരിയ | ഈടാക്കേണ്ട റഗുലറൈസേഷൻ ഫീസ് | ഈടാക്കിയ റഗുലറൈസേഷൻ ഫീസ് | കുറവ് |
|---|---|---|---|---|---|---|---|
| A3-2027/17 26.05.2017 | ശ്രീകുമാർ & സതി പിഷാരസ്യാർ | 457.29 $M^2$ (പാർപ്പിടം) | 500.20 $M^2$ | 42.91 $M^2$ | 42.91*7*2= 600.71/- (601 രൂപ) | 42.91*3.5*2 =300/- (രസീത് നം. 121070100657/ 5.8.21 | 601-300 = 301/- |

പെർമിറ്റ് പ്രകാരം അനുവദിച്ച നിർമ്മാണ വിസ്തൃതിയിൽ നിന്നും വ്യതിചലിച്ച് അധികമായി നിർമ്മാണം നടത്തിയ 42.91 ചതുരശ്ര മീറ്ററിന് ഈടാക്കിയ രാജിയാക്കൽ ഫീസിൽ കുറവ് വന്ന 301/- രൂപ ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/14.02.2023) മറുപടി നൽകിയില്ല.

1-18 ഹൈമാസ്റ്റ് ലൈറ്റുകൾ -AMC തുക മുൻകൂർ നല്കിയത് ക്രമവിരുദ്ധം

| | |
|---|---|
| പ്രൊജക്ടിന്റെ പേര് | ഹൈമാസ്റ്റ് ലൈറ്റുകൾ -AMC- പ്രൊ.നം. എസ് 130/22 |
| അടങ്കൽ | 2,12,400/- (CFC) |
| ചെലവ് തുക | 1,65,000/- (276/21-22 Dtd. 09.03.2022) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി, ഗ്രാമപഞ്ചായത്ത് |

കാഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ 2021-2022 കാലയളവിൽ എല്ലാ ഹൈമാസ്റ്റ്- മിനി മാസ്റ്റ് ലൈറ്റുകളും ആനുവൽ മെയിന്റനൻസ് കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ അറ്റകുറ്റപ്പണി ചെയ്യുന്നതിന് 25.02.2022 മുതൽ ഒരു വർഷത്തേക്ക് M/s MA ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിന് കരാർ കൊടുത്തിരുന്നു.

എന്നാൽ ടി കരാർ പ്രകാരമുള്ള പ്രവൃത്തികൾ ആരംഭിക്കുന്നതിന് മുൻപ് തന്നെ " നിലവിൽ ഹൈമാസ്റ്റ് ലൈറ്റ് നന്നാക്കാനുള്ളതിനാലും, സാമ്പത്തികവർഷം തീരാറായ സാഹചര്യത്തിലും കരാർ തുക ഒറ്റത്തവണയായി കരാറുകാരന്റെ ബാങ്ക് അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നല്കാവുന്നതാണ് " എന്ന് ഫയലിൽ രേഖപ്പെടുത്തി 1,65,000/- രൂപ കരാറുകാരന് നല്കി.

പ്രവൃത്തി ചെയ്യുന്നമുറയ്ക്ക് ഒറ്റത്തവണയായി കരാറുകാരന് തുക നല്കാമെന്ന് കരാറിൽ വ്യവസ്ഥയുണ്ടെങ്കിലും, ടി തുക നല്കുന്നതിന് മുൻപ് പഞ്ചായത്തിൽ സ്ഥാപിച്ചിരിക്കുന്ന എല്ലാ ഹൈമാസ്റ്റ്- മിനി മാസ്റ്റ് ലൈറ്റുകൾക്കും ആവശ്യമായ അറ്റകുറ്റപ്പണികൾ ചെയ്തതായി വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രവും, മറ്റ് രേഖകളും ഹാജരാക്കിയാൽ മാത്രമേ കരാർതുക കരാറുകാരന് നല്കേണ്ടതുള്ളു,

ഇതിന് വിരുദ്ധമായി ഒരു പ്രവൃത്തിയും ചെയ്യാതെതന്നെ കരാറുകാരന് മുഴുവൻ കരാർ തുകയും മുൻകൂറായി നല്കിയിന് വിശദീകരണം ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം. 10/ തീയതി 14.02.2023-ക്ക് നല്കിയ മറുപടിയിൽ സാമ്പത്തികവർഷം തീരാറായ സാഹചര്യത്തിൽ വകയിരുത്തിയിരിക്കുന്ന ഫണ്ട് ലാപ്സായിപ്പോകാതിരിക്കുന്നതിനായാണ് ഒറ്റത്തവണയായി AMC തുക കരാറുകാരന് നല്കിയത് എന്നാണ് വിശദീകരിച്ചിരിക്കുന്നത്.

ഈ മറുപടി തൃപ്തികരമല്ല. പഞ്ചായത്തിന് ലഭ്യമായ ഗ്രാന്റ് തുക ഉപയോഗിച്ച് പ്രൊജക്ടുകൾ നടപ്പിലാക്കുവാനാവശ്യമായ സമയം ഓരോ പദ്ധതിക്കാലത്തും കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ സഹിതം നല്കിയിട്ടുള്ളതാണ്. നിർവ്വഹണക്കലണ്ടർ പ്രകാരമുള്ള സമയക്രമം പാലിച്ചാൽ സാമ്പത്തികവർഷാവസാനത്തേക്ക് പദ്ധതിനിർവ്വഹണം നീട്ടിവെയ്ക്കേണ്ടിവരുന്ന സാഹചര്യവും, സമയമില്ല എന്ന കാരണത്താൽ നടപടിക്രമങ്ങൾ പാലിക്കാതെ തുക ചെലവഴിക്കുന്ന തെറ്റായ

പ്രവണതയും ഒഴിവാക്കാനാവും.

മേൽസാഹചര്യത്തിൽ AMC ഒറ്റത്തവണയായി മുൻകൂർ നല്കിയ നടപടി ക്രമവിരുദ്ധമാണ്. ആയതിനാൽ AMC തുകയ്ക്കുള്ള മെയിന്റനൻസ് നടത്തിയിട്ടുണ്ടെന്ന സാക്ഷ്യപത്രം ബന്ധപ്പെട്ടവരിൽ നിന്ന് ലഭ്യമാക്കി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-19 GST സ്രോതസ്സിൽ കുറവ് ചെയ്തിട്ടില്ല

I.

| | |
|---|---|
| പ്രൊജക്റ്റിന്റെ പേര് | തെരുവുവിളക്കുകളും, അനുബന്ധ സാമഗ്രികളും വാങ്ങി സ്ഥാപിക്കൽ- എസ് 132/22 |
| അടങ്കൽ | 2,75,000/- (CFC) |
| ചെലവ് തുക | 2,74,883/- (181/21-22 Dtd. 31.01.2022) |

പഞ്ചായത്തിൽ 2021-2022 കാലയളവിൽ “ തെരുവുവിളക്കുകളും, അനുബന്ധ സാമഗ്രികളും വാങ്ങി സ്ഥാപിക്കൽ " എന്ന പ്രൊജക്റ്റ് നടപ്പാക്കുന്നതിനായി നടത്തിയ ടെൻഡറിൽ പങ്കെടുത്ത മൂന്ന് കരാറുകാരിൽ കുറവ് തുക ക്വാട്ട് ചെയ്ത ശ്രീ.ഡേവിഡ് ടി.ഡി. തളിയൻ വീട് എന്നയാൾ പഞ്ചായത്തുമായി കരാർ ഒപ്പിട്ട് പ്രൊജക്റ്റ് നടപ്പിലാക്കുകയും, ആയതിന് ആകെ ബിൽ തുകയായി 2,74,883/- രൂപ കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ | ഇനങ്ങൾ | തുക | ബിൽ നമ്പർ /തുക |
|---|---|---|---|---|
| 1 | MO1 Dtd. 06.08.2021 Magus Enterprises Kanjoor | Elbo PVC Shade 22 Watts LED 2.5 Service Wire Pendant Holder Bend Clamp | 229008 | 274883/- 181/21-22 30/01/2022 |
| | | Service Charge | 3943 | |
| | | CGST 9% | 20966 | |
| | | SGST 9% | 20966 | |
| | | Total | 274883 | |

II

| | |
|---|---|
| പ്രൊജക്റ്റിന്റെ പേര് | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് AMC - എസ് 131/22 |
| അടങ്കൽ | 15,00,000/- (CFC-Tied) |
| ചെലവ് തുക | (1) 4,24,753/- 183/2021-22 Dtd. 31.01.2022<br>(2) 3,98,955/- 275/2021-22 Dtd. 09.03.2022<br>8,23,709/- |

പഞ്ചായത്തിൽ 2021-2022 കാലയളവിൽ “ സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് AMC " എന്ന പ്രൊജക്റ്റ് നടപ്പാക്കുന്നതിനായി നടത്തിയ 27/07/2021 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം ഇ-ടെൻഡറിൽ കുറവ് തുക ക്വാട്ട് ചെയ്ത ശ്രീമതി താഹിറ സമീർ (Proprieter M/s M.A Electricals) ടെ പേരിൽ കരാർ ഉറപ്പിച്ച് നല്കി. ശ്രീമതി താഹിറ സമീർ 05/08/2021 ൽ 10,24,924/- രൂപയ്ക്ക് പഞ്ചായത്തുമായി കരാർ ഒപ്പിട്ട് പ്രൊജക്റ്റ് നടപ്പിലാക്കുകയും, ആയതിന് ആകെ ബിൽ തുകയായി 8,23,708/- രൂപ കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ | ഇനങ്ങൾ | തുക | ബിൽ നമ്പർ /തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | WC 03/21 -22 Dtd. 13.09.21 | Tube Set CFL LED Light SVL | 3,56,209 | 3,98,955/- 275/2021-22 Dtd. 09.03.2022 |
| | | CGST 6% | 21,373 | |
| | | SGST 6% | 21,373 | |
| | | Total | 3,98,955 | |
| 2 | WC -08/21 -22 Dtd. 21.10.21 | Tube Set CFL LED Light SVL | 3,79,244 | 4,24,753/- 183/2021-22 Dtd. 31.01.2022 |
| | | CGST 6% | 22,755 | |
| | | SGST 6% | 22,755 | |
| | | Total | 4,24,753 | |
| | Grand Total | | 8,23,708 | |

2,50,000/- രൂപയിൽ അധികമുള്ള എല്ലാ പർച്ചേയ്സുകൾക്കും 2% GST ( 1% CGST +1% SGST) ബില്ലിൽ നിന്ന് TDS ആയി ഈടാക്കണമെന്ന് വ്യവസ്ഥയുള്ളപ്പോൾ എന്തുകൊണ്ട് ടി തുക ഈടാക്കാതെ ഫൈനൽ ബിൽ തുക നല്കി എന്ന് വിശദീകരിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം. 09/21-22 തീയതി. 09.02.2023 ന് ലഭ്യമാക്കിയ മറുപടിയിൽ ചരക്ക് സേവനവകുപ്പിന്റെ 06.03.2019 ലെ CT-847/2019-G1 സർക്കലർ പ്രകാരം ഗ്രാമീണമേഖലയിലെ വൈദ്യുതവല്ക്കരണം, വൈദ്യുതവിതരണം എന്നീ സേവനങ്ങളെ ഭരണഘടനയിലെ 243 G സെക്ഷൻ പ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ അനിവാര്യച്ചുമതലകളിൽ ഉൾപ്പെട്ടിരിക്കുന്നു എന്നതിനാൽ GST സ്രോതസ്സിൽ ചുമത്തുന്നതിൽ നിന്ന് ഒഴിവാക്കുന്നു എന്ന് വിശദീകരിച്ചിട്ടുണ്ട്.

എന്നാൽ ഭരണഘടന 243G സെക്ഷൻ പ്രകാരമുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ അനിവാര്യച്ചുമതലയിൽപ്പെട്ടതാണ് വൈദ്യുതിവിതരണം, വൈദ്യുതവല്ക്കരണം എന്നിവയെങ്കിലും, ഇവിടെ പഞ്ചായത്ത് മേൽസേവനങ്ങൾ ലഭ്യമാക്കാൻ ടെൻഡർ മുഖേന തെരഞ്ഞെടുത്ത കരാറുകാരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. പഞ്ചായത്തും പ്രസ്തുത കരാറുകാരും തമ്മിലുള്ള ഒരു എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ കരാറുകാർ പഞ്ചായത്തിന് സേവനം ലഭ്യമാക്കുകയാണ് ചെയ്യുന്നത്. ആയതിനാൽ ചരക്ക് സേവനവകുപ്പിന്റെ 06.03.2019 ലെ CT-847/2019-G1 സർക്കലർ പ്രകാരമുള്ള ഇളവ് ഇവിടെ ബാധകമല്ല.

ആദ്യപ്രൊജക്റ്റ് പ്രകാരം കരാർ പ്രകാരമുള്ള തുകയ്ക്ക് വൈദ്യുത ലൈറ്റുകളുടെ മെയിന്റനൻസിനാവശ്യമായ സാമഗ്രികൾ വിതരണം ചെയ്യുന്നതിനാലും, രണ്ടാമത്തെ പ്രൊജക്റ്റിൽ ആനുവൽ മെയിന്റനൻസ് കോൺട്രാക്റ്റ് പ്രകാരം സാമഗ്രികൾ സ്ഥാപിച്ച് സേവനം ചെയ്യുന്നതിനാലും, മേൽപ്പറഞ്ഞ രണ്ട് പ്രൊജക്റ്റുകളിലും നിയമാനുസൃതമുള്ള GST ഉൾപ്പെട്ട ബിൽതുകയാണ് നല്കുന്നത് എന്നതിനാലും കരാറുകാരിൽ നിന്ന് 2% (1% CGST, + 1 % SGST) ബില്ലിൽ നിന്ന് കുറവ് ചെയ്യേണ്ടതായിരുന്നു.

ഈടാക്കേണ്ട GST തുക താഴെപ്പറയുന്നു.

| പ്രൊജക്റ്റ് നമ്പർ/ പ്രൊജക്റ്റിന്റെ പേര് | ഫൈനൽ ബിൽ തുക | ഈടാക്കേണ്ട GST തുക |
|---|---|---|
| എസ് 132/22- തെരുവുവിളക്കുകളും, അനുബന്ധ സാമഗ്രികളും വാങ്ങി സ്ഥാപിക്കൽ- | 2,74,883/- | 5,498/- |
| എസ് 131/22- സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് AMC - | 8,23,708/- | 16,474/- |
| | ആകെ | 21,972/- |

മേൽത്തുക കരാറുകാരിൽ നിന്ന് ഈടാക്കി ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൌണ്ടിൽ അടയ്ക്കേണ്ടതാണ്.

1-20 ലൈഫ് ഭവന നിർമ്മാണം - വീട് പണി പൂർത്തിയായില്ല

വി.ഇ.ഓ, കാഞ്ഞൂർ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ലൈഫ് ഭവന പദ്ധതിയുടെ രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന ഗുണഭോക്താവിന് 2020-21 സാമ്പത്തികവർഷത്തെ പദ്ധതി പ്രകാരം ആകെ 2 ലക്ഷം രൂപ നൽകി എങ്കിലും വീട് പണി പൂർത്തിയാക്കാത്തതായി കാണുന്നു. ശ്രീമതി.രമ്യ സുധീഷ് , ളക്കാവ് പറമ്പിൽ എന്ന വ്യക്തിക്ക് 22.06.2020 ൽ 40,000 രൂപയും 23.07.2020 ൽ 1,60,000 രൂപയും നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ പണി പൂർത്തിയാക്കിയതായി കാണുന്നില്ല .19.06.2020ൽ എ3-2473/20 നമ്പറായി പഞ്ചായത്തിൽ നിന്നും പെർമിറ്റ് എടുത്തിട്ടുണ്ട്.കരാർ പ്രകാരം ആദ്യഗഡു നൽകി 6 മാസത്തിനകം പണി പൂർത്തിയാക്കുന്നതിന് നിർദ്ദേശമുള്ളതും അല്ലാത്ത പക്ഷം നൽകിയ തുക പലിശ സഹിതം തിരിച്ചുപിടിക്കാൻ വ്യവസ്ഥയുള്ളതുമാണ്. കരാർ കാലാവധി നീട്ടി നൽകിയിട്ടുണ്ടോ എന്നും ഇല്ലാത്ത പക്ഷം പണി പൂർത്തീകരിക്കുന്നതിന് കക്ഷിക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കാത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ എൻക്വയറിക്ക് (നം.17/15.02.2023) കൊറോണയും സാമ്പത്തികബുദ്ധിമുട്ടുകളും മൂലം ടിയാരിക്ക് പണി പൂർത്തിയാക്കാൻ സാധിച്ചില്ലെന്ന് കാണിച്ച് 21.02.2022 ൽ നിർവഹണോദ്യോഗസ്ഥന് കത്ത് നൽകിയതായും വീട് പണി പൂർത്തീകരിക്കുന്നതിന് കൂടുതൽ സമയം അനുവദിച്ച് നൽകണമെന്ന് അപേക്ഷയിൽ പറയുന്നതായും പറയുന്നു. പണി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-21 എസ്റ്റിമേറ്റില്ലാതെ ഭവന പുനരുദ്ധാരണ പദ്ധതികൾക്ക് തുക നൽകി - 20,50,000 തടസ്സപ്പെടുത്തുന്നു

സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ)നം.22/2018/തസ്വഭവ;തീ.14.02.2018) ഖ.7.9 പ്രകാരം ഗുണഭോക്താക്കളുടെ എസ്റ്റിമേറ്റിന് എൽ.എസ്.ജി.ഡി എഞ്ചിനീയർ നൽകുന്ന വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കൾക്ക് ധനസഹായം കൈമാറേണ്ടത്.എന്നാൽ താഴെപ്പറയുന്ന വിവിധ പദ്ധതികൾ പ്രകാരം ടി വാല്യുവേഷൻ സർട്ടിഫിക്കറ്റോ സെൽഫ് എസ്റ്റിമേറ്റോ കൂടാതെയാണ് ഗുണഭോക്താക്കൾക്ക് തുക നൽകിയിരിക്കുന്നത്. ടി പദ്ധതികളുടെ പ്രോജക്ട് രൂപീകരണ ഫോമും അംഗീകൃത ഗുണഭോക്തൃ ലിസ്റ്റുകളും ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല.

1]

| | |
|---|---|
| പ്രോജക്ടിന്റെ നം, പേര് | 196/22,ഭവന പുനരുദ്ധാരണം ജനറൽ |
| അടങ്കൽ/ഫണ്ട് | 9,60,000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ആകെ ചെലവ് | 940000 |
| ട്രഷറി ബിൽ നം/തിയതി-തുക | 1)13/4.1.22- 2,40,000<br>2)15/4.1.22 – 160000<br>3)32/4.3.22 – 40,000<br>4)33/19.3.22 – 1,00,000<br>5)37/30.3.22 – 40,000<br>6)16/24.1.22 – 160000<br>7)34/30.3.22 - 40000<br>8)21/9.2.22 – 80000<br>9)26/19.2.22 – 80000 |

| | |
|---|---|
| | ആകെ-9,40,000 |
| നിർവഹണോദ്യോഗസ്ഥൻ | വി.ഇ.ഓ പാറപ്പുറം |

ആകെ 47 ഗുണഭോക്താക്കൾക്ക് 20000 രൂപ വെച്ച് നൽകിയിട്ടുണ്ട്.ഇവരുടെ ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കേണ്ടതാണ്.

I]താഴെപ്പറയുന്ന വ്യക്തികളുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഫയലിൽ ലഭ്യമാണ്.

1)അന്തോണി.ടി.ഡി

2)റീന ജോയ്

3)വിലാസിനി ദാമോദരൻ

എന്നാൽ ഇതിൽ പട്ടികയിലെ ക്രമ നം.2 ബിൽ പ്രകാരം വിലാസിനി ദാമോദരൻ(വാർഡ് 15) എന്ന വ്യക്തിയുടെ എഞ്ചിനീയറിംഗ് വിഭാഗം നൽകിയ വാല്യുവേഷൻ തുക 18039 രൂപ ആണ്.എന്നാൽ ടിയാരിക്കും 20,000 രൂപ നൽകിയിട്ടുണ്ട്. അധികം തുക നൽകിയത് അംഗീകരിക്കുന്നില്ല.

ബാക്കി 44 പേരുടെയും സാക്ഷ്യപ്പെടുത്തിയ എസ്റ്റിമേറ്റ് ലഭ്യമാക്കേണ്ടതാണ്

2)പട്ടിക ക്രമ നം. 7 ലെ ബിൽ പ്രകാരം ജാൻസി വർഗ്ഗീസ് എന്ന വ്യക്തിക്ക് A/c No.06750530000007767 ലേക്ക് 20,000 രൂപ കൈമാറിയിട്ടുണ്ടെങ്കിലും ടിയാരിയുടെ അപേക്ഷയും അനുബന്ധരേഖകളും ഫയലിൽ ലഭ്യമല്ല. ആയതും ഹാജരാക്കേണ്ടതാണ്.
രേഖകൾ ഹാജരാക്കുന്നതു വരെ 9,40,000 രൂപ തടസ്സത്തിൽ വെക്കുന്നു.

II]

| | |
|---|---|
| പ്രോജക്ടിന്റെ നം, പേര് | 185/22,ഭവന പുനരുദ്ധാരണം എസ്.ടി |
| അടങ്കൽ/ഫണ്ട് | 1)47100 (വികസന ഫണ്ട്-ജനറൽ)<br>2)44800( വികസന ഫണ്ട്-ടി.എസ്.പി) |
| ആകെ ചെലവ് | 1)46000<br>2)44000 |
| ട്രഷറി ബിൽ നം/തിയതി-തുക | 1) 25/19.02.2022 – 46000/-<br>2)17/24.01.2022 - 44000/- |
| നിർവഹണോദ്യോഗസ്ഥൻ | വി.ഇ.ഓ പാറപ്പുറം |

മേൽ ബില്ലുകൾ പ്രകാരം ശ്രീമതി.ജാനകി, വള്ളിക്കുടി എന്ന എസ്.ടി ഗുണഭോക്താവിന് 90,000 രൂപ വീട് മെയിന്റനൻസിന് നൽകി കാണുന്നു. ഇതിനും എസ്റ്റിമേറ്റോ എഞ്ചിനീയറുടെ സാക്ഷ്യപത്രമോ ഹാജരാക്കിയിട്ടില്ല .
രേഖകൾ ഹാജരാക്കുന്നതു വരെ 90,000 രൂപ തടസ്സത്തിൽ വെക്കുന്നു.

III]

| | |
|---|---|
| പ്രോജക്ടിന്റെ നം, പേര് | 37/22,ഭവന പുനരുദ്ധാരണം -ആശ്രയ |
| അടങ്കൽ/ഫണ്ട് | 200000 (വികസന ഫണ്ട്-ജനറൽ) |
| ആകെ ചെലവ് | 120000 |
| ട്രഷറി ബിൽ നം/തിയതി-തുക | 1)19/24.1.22 – 80,000<br>2)30/4.3.22 – 20000 |

| | |
|---|---|
| | 3)31/4.3.22 – 20,000<br>ആകെ -120000 |
| നിർവഹണോദ്യോഗസ്ഥൻ | വി.ഇ.ഓ പാറപ്പുറം |

ടി പദ്ധതി പ്രകാരം ആശ്രയ ഗുണഭോക്താക്കൾക്ക് 20,000 രൂപ വീതം ആകെ 6 ഗുണഭോക്താക്കൾക്ക് വീട് പുനരുദ്ധാരണത്തിന് തുക നൽകി.ഇതിൽ ബിന്ദു ഷിബു എന്ന വ്യക്തിയുടെ എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട്. ബാക്കി 5 പേരുടെയും എസ്റ്റിമേറ്റ് ലഭ്യമാക്കിയില്ല .രേഖകൾ ഹാജരാക്കുന്നതു വരെ 1,20,000 രൂപ തടസ്സത്തിൽ വെക്കുന്നു.

IV]

| | |
|---|---|
| പ്രോജക്ടിന്റെ നം, പേര് | 138/22,ഭവന പുനരുദ്ധാരണം -എസ്.സി(സ്പിൽ ഓവർ) |
| അടങ്കൽ/ഫണ്ട് | 3 ലക്ഷം(വികസന ഫണ്ട്-എസ്.സി.പി) |
| ആകെ ചെലവ് | 3 ലക്ഷം |
| ട്രഷറി ബിൽ നം/തിയതി-തുക | 1)23/9.2.22 – 1,50,000<br>2)9/16.11.21 – 15000<br>ആകെ -3,00,000 |
| നിർവഹണോദ്യോഗസ്ഥൻ | വി.ഇ.ഓ പാറപ്പുറം |

ആകെ 4 ഗുണഭോക്താക്കൾക്ക് 75000 രൂപ വീതം നൽകിയിട്ടുണ്ട്.ഇതിൽ ശ്രീജ ശ്രീനിവാസൻ എന്ന വ്യക്തി മാത്രമാണ് എഞ്ചിനീയറുടെ അർഹമായ വാല്യുവേഷൻ സർട്ടിഫിക്കറ്റ് സമർപ്പിച്ചിരിക്കുന്നത്. ബാക്കി 3 പേരുടെ എസ്റ്റിമേറ്റ് ഹാജരാക്കേണ്ടതാണ്.രേഖകൾ ഹാജരാക്കുന്നതു വരെ 3,00,000 രൂപ തടസ്സത്തിൽ വെക്കുന്നു.

V]

| | |
|---|---|
| പ്രോജക്ടിന്റെ നം, പേര് | 35/22,ഭവന പുനരുദ്ധാരണം -എസ്.സി |
| അടങ്കൽ/ഫണ്ട് | 600000 (വികസന ഫണ്ട്-ജനറൽ) |
| ആകെ ചെലവ് | 600000 |
| ട്രഷറി ബിൽ നം/തിയതി-തുക | 1)16/24.1.22 – 150000<br>2)2/30.7.21 – 150000<br>ആകെ -300000 |
| നിർവഹണോദ്യോഗസ്ഥൻ | വി.ഇ.ഓ പാറപ്പുറം |

ആകെ 3 ലക്ഷത്തിന്റെ ഫയലുകൾ ലഭ്യമാക്കിയിട്ടുള്ളൂ. ടി പ്രോജക്ടിന്റെ ബാക്കി 3 ലക്ഷത്തിന്റെ ട്രഷറി ബില്ലുകളോ മറ്റ് രേഖകളോ ഹാജരാക്കിയില്ല.2022-23 ലെ 138 നമ്പർ പദ്ധതിയുടെ 2 ബില്ലുകൾ തെറ്റായി (225000 + 75000 = 300000) ഹാജരാക്കിയിരിക്കുന്നു.

75000 രൂപ വീതം ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. ഇതിൽ സുനന്ദ മണി , രാജേഷ്.ടി.എസ് എന്നിവരുടെ എഞ്ചിനീയർ അംഗീകരിച്ച വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഫയലിൽ ലഭ്യമാണ്. ബാക്കിയുള്ളവരുടെ എസ്റ്റിമേറ്റ് , അംഗീകൃത ഗുണഭോക്തൃ ലിസ്റ്റ് എന്നിവ ഹാജരാക്കേണ്ടതാണ്.രേഖകൾ ഹാജരാക്കുന്നതു വരെ 6,00,000 രൂപ തടസ്സത്തിൽ വെക്കുന്നു.

മേൽപ്പറഞ്ഞ രേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.29/17.02.2023) ന് മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ ആകെ ചെലവ് തുക 20,50,000 രൂപ

(9,40,000 + 90,000 +1,20,000 +3,00,000 +6,00,000) തടസ്സത്തിൽ വെക്കുന്നു.

1-22 മേൽക്കൂര മാറ്റൽ പദ്ധതി-ഫയലുകൾ ഹാജരാക്കിയില്ല - 2,40,000 രൂപ തടസ്സം

വി.ഇ.ഓ പാറപ്പുറം നിർവ്വഹണോദ്യോഗസ്ഥനായ താഴെപ്പറയുന്ന പദ്ധതിയുടെ ഫയലുകൾ ഓഡിറ്റിന് ഹാജരാക്കയില്ല. ഫയലുകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (29/17.02.2023) ന് മറുപടിയും ലഭ്യമാക്കാത്ത സാഹചര്യത്തിൽ ചെലവായ തുക 2,40,000 രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ നം, പേര് | 38/22,മേൽക്കൂര മാറ്റൽ(എസ്.സി) |
| അടങ്കൽ/ഫണ്ട് | 2,40,000 (വികസന ഫണ്ട്-എസ്.സി.പി) |
| ആകെ ചെലവ് | 240000 |
| ട്രഷറി ബിൽ നം/തിയതി-തുക | 1)5/1.10.2021 – 40,000<br>2)6/22.10.21 – 40,000<br>3)8/29.10.2021 – 40,000<br>4)22/9.2.2022 – 80,000<br>5) 27/19.02.2022 – 40,000<br>ആകെ - 2,40,000 |
| നിർവഹണോദ്യോഗസ്ഥൻ | വി.ഇ.ഓ പാറപ്പുറം |

ഫയലുകൾ അംഗീകൃത ഗുണഭോക്തൃ ലിസ്റ്റുൾപ്പെടെ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-23 ഹരിത കേരളം-മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ അപാകതകൾ- 918750 രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ടിന്റെ നം, പേര് | 129/22,ഹരിത കേരളം-മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ |
| അടങ്കൽ/ഫണ്ട് | 9,18,750 (ധനകാര്യകമ്മീഷൻ അവാർഡ്) |
| ചെലവ് | 918750 |
| ബിൽ നം/തിയതി-തുക | 1)1,74,000 /ബിൽ.നം .186/ 31.01.2022<br>2)1,28,523 /ബിൽ.നം.296/16.03.2022<br>3)2,13,876 /ബിൽ.നം.283/18.02.2022<br>4)9140/ബിൽ.നം237/21.02.2022<br>5) 360711/ബിൽ.നം355/26.03.2022<br>6)32500/ബിൽ.നം248/22.02.2022<br>ആകെ -918750 രൂപ |
| നിർവഹണോദ്യോഗസ്ഥൻ | വി.ഇ.ഓ പാറപ്പുറം |

കാഞ്ഞൂർ പഞ്ചായത്തിലെ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കായി മേൽ പദ്ധതി പ്രകാരം വാർഡുകളിൽ നിന്ന് മാലിന്യം ശേഖരിക്കുന്നതിനുള്ള വാഹന വാടക, ചാക്ക് വാങ്ങൽ, ക്ലീൻ കേരള കമ്പനിക്ക് തുക നൽകൽ, ഹരിതകർമ്മസേനാംഗങ്ങൾക്ക് വേതനം, വേസ്റ്റ് തൂക്കുന്നതിനുള്ള ത്രാസ് എന്നീ ചെലവുകൾക്കാണ് പദ്ധതി അംഗീകാരം ലഭിച്ചിട്ടുള്ളത്.

പദ്ധതിയുടെ ചെലവ് വിവരങ്ങളും അവ പരിശോധിച്ചതിൽ കണ്ട അപാകതകളും താഴെ കൊടുക്കുന്നു.

1) ആകെ 886250 രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളൂ. ബാക്കി 32,500രൂപ ചെലവായതിന്റെ രേഖകളും ബില്ലുകളും ലഭ്യമാക്കേണ്ടതാണ്.

2) IKONE SOLUTIONS എന്ന സ്ഥാപനത്തിന്റെ 13.10.2021 ലെ ഇൻവോയ്സ് നം.209 പ്രകാരം 40 X26 ഇഞ്ച് വലിപ്പത്തിലുള്ള 6000 പ്ലാസ്റ്റിക് ചാക്കുകൾ സപ്ലൈ ചെയ്തതിന് ചാക്കൊന്നിന് 29 രൂപ വെച്ച് ആകെ 1,74,000 രൂപ (മേൽ പട്ടിക ക്രമ നം1)നൽകിയിട്ടുണ്ട്. ഇതിന്റെ ക്വട്ടേഷൻ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന 3 സ്ഥാപനങ്ങളിൽ നിന്നുള്ള ക്വട്ടേഷനുകൾ 08.09.2021 ൽ ലഭ്യമായതായി കാണുന്നു.

| സ്ഥാപനത്തിന്റെ പേര് | ക്വോട്ട് ചെയ്ത തുക (ചാക്കൊന്നിന് ,GST Included) | സ്പെസ്സിഫിക്കേഷൻ |
|---|---|---|
| Ikone Solutions | 29 | 65 X 80 Cm |
| Anna Electronics & Home Appliances | 32 | 65 X 80 Cm |
| Deepam Enterprises | 25 | 24 X36 Inch (61 X92 Cm) |

നിർവഹണോദ്യോഗസ്ഥൻ ക്ഷണിച്ച ക്വട്ടേഷനിൽ ഏത് സ്പെസ്സിഫിക്കേഷനിലുള്ള ചാക്കാണ് ആവശ്യപ്പെട്ടിരിക്കുന്നത് എന്ന് വ്യക്തമല്ല. കാരണം ടി ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖ ഫയലിൽ ഇല്ല. കുറഞ്ഞ നിരക്കായ 25 രൂപ ക്വോട്ട് ചെയ്ത Deepam Enterprise ന് നൽകാതെ 29 രൂപ നിരക്കിലുള്ള Ikone Solution നുമായി കരാർ ചമച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.15.09.2021 ലെ 1-ാം നമ്പർ തീരുമാന പ്രകാരം ആയതിന് കമ്മിറ്റി താൽക്കാലികമായി മാത്രം അംഗീകാരം നൽകിയതായി കാണുന്നു. മാത്രമല്ല ഇൻവോയ്സ് പ്രകാരം വാങ്ങിയ ചാക്കുകൾ സ്റ്റോക്കിലെടുത്ത് ഹരിത കർമ്മ സേനകൾക്ക് വിതരണം ചെയ്ത സ്റ്റോക്ക് രജിസ്റ്ററും ഓഡിറ്റിന് ലഭ്യമാക്കിയില്ല. സ്റ്റോക്ക് രജിസ്റ്ററിൽ വിവരങ്ങൾ ചേർത്തതായും സാധനങ്ങൾ കൈപ്പറ്റിയതായും ചെയ്തതായും നിർവഹണോദ്യോഗസ്ഥൻ ബില്ലിൽ സാക്ഷ്യപ്പെടുത്തിയിട്ടില്ല .

3)ക്രമ നം.2 ബിൽ പ്രകാരം 128523 രൂപ 24 പേർക്ക് നൽകിയിട്ടുണ്ട്.

ഇതിൽ 02/2022 ലെ മസ്റ്റർ റോൾ പ്രകാരം ദിവസം 457 രൂപ വെച്ച് വിവിധ തിയതികളിൽ 23 ഹരിത കർമ്മസേനാംഗങ്ങൾക്ക് 63523രൂപ നൽകിയതാണ്. എന്നാൽ ഇതിൽ ഇവരുടെ അറ്റൻഡൻസ് കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല .എന്ത് തരം വർക്കാണ് ചെയ്തതെന്ന് നിർവഹണോദ്യോഗസ്ഥൻ ഇതിൽ രേഖപ്പെടുത്തിയിട്ടില്ല .

4)ഷിജാദ്.പി.എ എന്ന വ്യക്തിക്ക് 65,000 രൂപ നൽകിയിട്ടുണ്ട്. ഒരു ദിവസത്തെ വാഹന വാടക ആയി 2500 രൂപ വീതം 26 ദിവസത്തെ വാടക ആണ് നൽകി കാണുന്നത്.എന്നാൽ ഫയലിൽ ലഭ്യമായ ട്രിപ്പ് ഷീറ്റുകൾ പ്രകാരം വിവിധ വണ്ടികളിൽ വ്യത്യസ്ത ഡ്രൈവർമാർ ഹാജരാക്കിയിരിക്കുന്ന വൌച്ചറുകൾ മാത്രമാണ് കാണുന്നത്. പ്രവൃത്തി തൃപ്തികരമായി പൂർത്തിയാക്കിയതായി നിർവഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയതായും കാണുന്നില്ല. ഇതിൽ 21.02.2022 ലെ 3 വൌച്ചറുകളും ബാക്കി 25.08.2022 മുതൽ 03.09.2022 വരെയുള്ള വൌച്ചറുകളുമാണ് വെച്ചിട്ടുള്ളത്. 2022 -23 സാമ്പത്തികവർഷത്തെ വൌച്ചറുകൾ പ്രകാരം എപ്രകാരമാണ് 16.03.2022 ൽ ബിൽ തുക നൽകിയതെന്ന് വ്യക്തമാക്കേണ്ടതാണ്. ശ്രീ.ഷിജാദ് .പി.എ എന്ന വ്യക്തിയുമായി മാലിന്യം നീക്കം ചെയ്യുന്നതിന് കരാറിൽ ഏർപ്പെട്ടതിന്റെ രേഖ, പഞ്ചായത്ത് കമ്മിറ്റി അംഗീകാരത്തിന്റെ തീരുമാനം എന്നിവ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല.

5) ക്രമ നം.3 , 4 എന്നീ ബില്ലുകൾ പ്രകാരവും ആകെ 29 പേർക്ക് 08/2021 മുതൽ 11/2021 വരെയുള്ള വിവിധ തീയതികളിൽ പ്രതിദിനം 457 രൂപ വീതം (ആകെ-223016

രൂപ)ഹരിതകർമ്മസേനാംഗങ്ങൾക്ക് നൽകി കാണുന്നു. ടി മസ്റ്റർ റോളുകളിലും ഇവരുടെ അറ്റൻഡൻസ് കൃത്യമായി രേഖപ്പെടുത്തുകയോ വർക്ക് തൃപ്തികരമായി പൂർത്തീകരിച്ചതായി നിർവഹണോദ്യോഗസ്ഥൻ വ്യക്തമായി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല .

6)ക്രമ നം.5 ബിൽ പ്രകാരം താഴെപ്പറയുന്നവർക്ക് തുക കൈമാറിയിട്ടുണ്ട്.

| ഗുണഭോക്താവിന്റെ പേര് | ഇനം | തുക | റിമാർക്സ് |
|---|---|---|---|
| ക്ലീൻ കേരള കമ്പനി | വേസ്റ്റ് കളക്ഷൻ | 307512 | ഇൻവോയ്സ് പ്രകാരം 494892 രൂപയുടെ ബില്ലുണ്ട്.ഇതിൽ 307512 രൂപ മാത്രമാണ് തൻവർഷം നൽകിയത്.വേസ്റ്റ് തൃപ്തികരമായി നീക്കം ചെയ്തതായി വി.ഇ.ഓ ബില്ലിൽ സാക്ഷ്യപ്പെടുത്തിയിട്ടില്ല |
| ഷിജാദ്.പി.എ | വാഹന വാടക | 50000 | വൌച്ചറുകളും ട്രിപ് ഷീറ്റും ഹാജരാക്കിയിട്ടില്ല. |
| റോസി ഷാജു | ഹരിതകർമ്മസേന വേതനം | 3199 | ഹാജരാക്കിയ മസ്റ്റർ റോൾ പ്രകാരം ആകെ തുകയായ223016 രൂപ ക്രമ നം3,4 ബില്ലുകൾ പ്രകാരം നൽകിയതാണ്. റോസി ഷാജുവിന്റെ മസ്റ്റർ റോളിൽ ടി തുക (3199) രേഖപ്പെടുത്തിയിട്ടുമില്ല. തുക അധികമായി നൽകിയതായി ഓഡിറ്റിൽ കണക്കാക്കുന്നു |

7) ശ്രീ ഷിജാദ്.പി.എ യ്ക്ക് പട്ടികയിലെ ക്രമ നം. 5 ലെ ബിൽ പ്രകാരം 50000 രൂപയും ക്രമ നം.2 ബില്ലിലെ പ്രകാരം 65000 രൂപയും ഉൾപ്പെടെ ആകെ 115000 രൂപ നൽകിയിട്ടുണ്ട്. വി.ജി.എഫ് പദ്ധതി പ്രകാരം 131500 രൂപയും തൻവർഷം നൽകിയിട്ടുണ്ട്. ( ആകെ -246500 രൂപ).1961 ലെ ആദായനികുതി നിയമത്തിലെ വകുപ്പ് 194(സി) പ്രകാരം 1% ആദായ നികുതി പിടിച്ച് അടവാക്കേണ്ടതാണ്. അപ്രകാരം 2465 /-രൂപ ടിയാനിൽ നിന്ന് ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ അടവാക്കി ഓഡിറ്റിൽ രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

8)മാലിന്യം കയറ്റി അയച്ചത് മോണിറ്ററിംഗ് ചെയ്യേണ്ട ഉത്തരവാദിത്തവും ആരോഗ്യശുചിത്വ വർക്കിംഗ് കമ്മിറ്റിക്കാണ്. ടി മോണിറ്ററിംഗ് റിപ്പോർട്ട് ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 28/17.02.2023 ന് മറുപടി ലഭ്യമാക്കാത്തിനാൽ ചെലവ് തുക 918750 രൂപ തടസ്സപ്പെടുത്തുന്നു.

1-24 വി.ജി.എഫ് പദ്ധതി - മുഴുവൻ ചെലവ് രേഖകൾ ഹാജരാക്കിയില്ല - 337683 രൂപ തടസ്സം

ഹരിതകർമ്മസേനയുടെ പ്രവർത്തനത്തിന് ആവശ്യമായ ചാക്ക്, കയ്യുറ, സാനിറ്റൈസർ,എം.സി.എഫ് വാടക മുതലായവക്കായി പദ്ധതി വകയിരുത്തിയതിൽ താഴെപ്പറയുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ടിന്റെ നം, പേര് | 186/22,വി.ജി.എഫ് |
| അടങ്കൽ/ഫണ്ട് | 3,50,000 (ധനകാര്യകമ്മീഷൻ അവാർഡ്) |
| ആകെ ചെലവ് | 337683(CFC-tied Grant) |
| ട്രഷറി ബിൽ നം/തിയതി-തുക | 1)32/19.03.2022 – 36086<br>2)29/2.3.2022 – 37317<br>3)28/15.2.22 -3801<br>4)24/4.2.22-5300<br>5) 20 /17.1.22 -21775<br>6) 14 /13.12.21 -41301<br>7) 11/10.12.21-14500<br>8) 10/12.11.21-42781<br>9) 7/ 27.10.21 -63723<br>10) 35 /30.3.22-43599<br>11) 36 /30.03.22-27500<br>ആകെ -337683 |
| നിർവഹണോദ്യോഗസ്ഥൻ | വി.ഇ.ഓ പാറപ്പുറം |

1) ക്രമ നം.11 പ്രകാരം 27,500 രൂപ നൽകിയതിന്റെ ബില്ലുകളും വൌച്ചറും ഹാജരാക്കേണ്ടതാണ്.

2)എം.സി.എഫ് വാടക ഇനത്തിൽ പ്രതിമാസം 3801 രൂപ വീതം(12X3801=45612രൂപ) സിഡ്കോക്ക് നൽകിയിട്ടുണ്ട്. വാടക കരാർ,വാടക രസീത് എന്നിവ ഹാജരാക്കേണ്ടതാണ്.

3)new Gradient Biomedicals(a/c No. 40605111000122 -IFSC:KLGB0040605), Nexogenix Biomedicals(a/c No.99980103456484-IFSC:FDRL0002114 ) എന്നീ സ്ഥാപനങ്ങളിൽ നിന്ന് ഗംബൂട്ട്, കയ്യുറ, സാനിറ്റൈസർ എന്നിവ വാങ്ങിയിട്ടുണ്ട്. ടി സ്ഥാപനങ്ങളുടെ ബാങ്ക് പാസ്ബുക്ക് കോപ്പി ലഭ്യമാക്കിയില്ല. ഇവിടങ്ങളിൽ നിന്ന് വാങ്ങിയ സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തത് ഹാജരാക്കിയില്ല. ബില്ലിൽ നിർവഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.NEXOGENICS BIOMEDICALS എന്ന സ്ഥാപനത്തിന്റെ ജി.എസ്.ടി നമ്പർ ബില്ലിൽ രേഖപ്പെടുത്തിയിരിക്കുന്നത് 32CDDPK5365F1ZU ആണ്. എന്നാൽ ജി.എസ്.ടി പോർട്ടൽ പരിശോധിച്ചതിൽ ഇത്തരത്തിലൊരു സ്ഥാപനം പോർട്ടലിൽ രജിസ്റ്റർ ചെയ്തതായി കാണുന്നില്ല .മേൽ ക്രമ നം.5 ലെ ബിൽ പ്രകാരം 21775 രൂപയുടെ ബില്ലിൽ ഉൾപ്പെട്ട Nexogenics Biomedicals, Building No. 7/2 Federal Arcade ,Chowara എന്ന സ്ഥാപനത്തിന്റെ 10200 രൂപയുടെ ബില്ലിൽ (ഇൻവോയ്സ് നം.2/07.01.2022) യൂണിറ്റിന് 323.81 രൂപയ്ക്ക് (Plus 5% Gst) 30 Gumboots വാങ്ങിയിട്ടുണ്ട്.

മേൽ ക്രമ നം.7 നം. ബില്ലിൽ ആകെ 14500 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ Nexogenics Biomedicals ന് ടാക്സ് ഇൻവോയ്സ് നം.42/09.12.2021 പ്രകാരം 30 Gumboot വാങ്ങിയതിന് (യൂണിറ്റിന് 312.39 രൂപ) 9840 രൂപയുടെ ചെലവ് മാത്രമാണ് ഹാജരാക്കിയത്. കൂടാതെ മേൽപ്പറഞ്ഞ 2 ടാക്സ് ഇൻവോയ്സിലും വ്യത്യാസവും കാണുന്നുണ്ട്.

4)ക്രമ നം.4 ബിൽ പ്രകാരം 5300 രൂപ ഉണ്ണി മാടവനത്തറ എന്ന വ്യക്തിയുടെ പേരിൽ നൽകി കാണുന്നു. 5 പേർ വർക്ക് ചെയ്തതിന്റെ മസ്റ്റർ റോൾ ഹാജരാക്കിയിരിക്കുന്നു.എന്നാൽ എന്ത് വർക്കാണ് ചെയ്തതെന്നോ ചെയ്ത തീയതിയോ മസ്റ്റർ റോളിൽ രേഖപ്പെടുത്തിയിട്ടില്ല. 5 പേർ വർക്ക് ചെയ്ത് ഒരാളുടെ പേരിൽ അക്കൌണ്ടിലേയ്ക്ക് നൽകിയതിന്റെ കാരണവും വ്യക്തമാക്കിയിട്ടില്ല.

5)ക്രമ നം.8 ബിൽ പ്രകാരം ആകെ 42,781 /- രൂപ നൽകി.ഇതിൽ 16,525/- രൂപ സുബീർ.ടി.എസ് എന്ന വ്യക്തിയുടെ അക്കൌണ്ടിലേയ്ക്ക് നൽകി കാണുന്നു.മസ്റ്റർ റോൾ പ്രകാരം 4120 രൂപ ആണ് ഉള്ളത്.ബാക്കി തുകയുടെ വൌച്ചറുകൾ ഫയലിൽ ലഭ്യമല്ല. ചെയ്ത വർക്ക് എന്താണെന്ന് നിർവഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

A)ഇതേ ബിൽ പ്രകാരം 4220 രൂപ ജോണി.സി.ഓ(ചക്കാലക്കൽ ഏജൻസീസ് ) എന്ന സ്ഥാപനത്തിന് നൽകി കാണുന്നു.എന്നാൽ ഇൻവോയ്സ് ലഭ്യമല്ല. എന്ത് സാധനം വാങ്ങി എന്ന് വ്യക്തമല്ല.

B)ഇതേ ബില്ലിൽ 13580 രൂപ Nexogenix Biomedicals ന് നൽകിയിട്ടുണ്ട്. ആയതിന്റെ ഇൻവോയ്സും ഫയലിൽ ലഭ്യമല്ല.

C)ഇതേ ബില്ലിൽ Printers Imprint എന്ന സ്ഥാപനത്തിന്റെ 26.10.2021 ലെ ഇൻവോയ്സ് നം.40 പ്രകാരം 4655 രൂപ യൂസർഫീ പിരിക്കുന്നതിനുള്ള രസീത് അടിക്കുന്നതിന് നൽകി കാണുന്നു. 50 രൂപയുടെ 100 രസീത് ബുക്കും 100 രൂപയുടെ 33 രസീതും അച്ചടിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഓരോന്നിന്റെയും റേറ്റ് ബില്ലിൽ രേഖപ്പെടുത്തിയിട്ടില്ല. വ്യക്തമായ ബില്ലില്ലാതെയും നിർവ്വഹണോദ്യോഗസ്ഥൻ ഇവ സ്റ്റോക്കിലെടുത്തതായി സാക്ഷ്യപ്പെടുത്താതെയും തുക പാസ്സാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഇവരുടെ ബാങ്ക് ഓഫ് ഇന്ത്യയിലുള്ള അക്കൌണ്ട് നം.857120110000109 ന്റെ പാസ്ബുക്കിന്റെ കോപ്പിയും ഹാജരാക്കേണ്ടതാണ്.

6) ക്രമ നം 10 ബിൽ പ്രകാരം 43599 രൂപ ആകെ ചെലവ് വന്നതിൽ 6800 രൂപ ഉണ്ണി മാടവനത്തറക്കും 4500 രൂപ Naas Studio ക്കും നൽകി കാണുന്നു. രണ്ട് ചെലവിന്റെയും അനുബന്ധ ബില്ലുകളും വൌച്ചറുകളും ഹാജരാക്കിയിട്ടില്ല .

മേൽപ്പറഞ്ഞ രേഖകൾ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.27/17.02.2023 ന് മറുപടി ലഭിച്ചിട്ടില്ല. മേൽഅപാകതകൾക്ക് വ്യക്തമായ മറുപടിയും, ആവശ്യപ്പെട്ട രേഖകളും ലഭ്യമാക്കുന്നതു വരെ ചെലവ് തുക 337683/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-25 മരാമത്ത് പ്രവൃത്തികൾ - അപാകതകൾ

കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് അസിസ്റ്റൻറ് എൻജിനിയർ 2021-22 വർഷം നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിൽ ധാരാളം അപാകതകൾ കാണുന്നുണ്ട്. ഫയലുകൾ ശരിയാവണ്ണമല്ല സൂക്ഷിച്ചിട്ടുള്ളത്. പ്രവൃത്തികളുടെ ഫയലുകളിൽ പലതിലും സൈറ്റ് പ്ലാൻ , എസ്റ്റിമേറ്റ് റിപ്പോർട്ട് , റോഡ് പ്രവൃത്തികൾക്ക് റോഡ് കണക്റ്റിവിറ്റി മാപ്പ് (ചെയിനേജ്) എന്നിവ ഇല്ല. ചില പ്രവൃത്തികളുടെ ഫയലുകളിൽ ബിൽ ഹാജരാക്കിയ ഭൂരിഭാഗം ബില്ലുകളിലും മെമ്മൊറാണ്ടം ഓഫ് പേയ്മെന്റ് (സ്റ്റാമ്പ് പതിച്ചത്) എന്നിവയും ഉൾപ്പെടുത്തിയിട്ടില്ല.

ഒരേ പ്രവർത്തിയ്ക്ക് ഒരു വർഷം വിവിധ പ്രോജക്റ്റുകൾ നടപ്പാക്കി തുക ചെലവഴിക്കുന്നതായി കാണുന്നുണ്ട്. ഒരേ പ്രവൃത്തികൾ തുടർ വർഷങ്ങളിൽ നടപ്പാക്കുമ്പോൾ സ്പിൽ ഓവർ പ്രോജക്റ്റായി നടപ്പാക്കുന്നതിനോടൊപ്പം ആ പ്രവൃത്തിയ്ക്ക് തന്നെ പുതിയ പ്രോജക്റ്റും നടപ്പാക്കി തുക ചെലവഴിക്കുന്നുണ്ട്. കൂടാതെ മുൻ വർഷങ്ങളിൽ ചെയ്ത വർക്കുകൾ വീണ്ടും നടപ്പാക്കുന്നതായി കാണുന്നുണ്ട്.

റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് PWD റോഡ് പ്രവൃത്തികൾ നടപ്പാക്കുന്നതായി കാണുന്നുണ്ട്.

മേൽപ്പറഞ്ഞ അപാകതകൾ എല്ലാം സൂചിപ്പിക്കുന്നത് കാഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികൾ ഉത്തരവാദിത്തരഹിതമായി നടപ്പാക്കുന്നു എന്നതാണ്. മരാമത്ത് പ്രവൃത്തികൾ സുതാര്യമായി നടപ്പാക്കേണ്ടതും ഫയലുകളിൽ കൃത്യമായ രേഖകൾ സഹിതം പരിശോധനയ്ക്കായി ഹാജരാക്കേണ്ടതുമാണ്.

## 1-26 ഒരേ പ്രവർത്തിയ്ക്ക് ഒരു വർഷം വിവിധ പ്രോജക്റ്റുകൾ നടപ്പാക്കുന്നു.

കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് അസിസ്റ്റൻറ് എൻജിനിയർ , ഒരേ പ്രവർത്തിയ്ക്ക് ഒരു വർഷം വിവിധ പ്രോജക്റ്റുകൾ നടപ്പാക്കുന്നതായി കാണുന്നു. ചില പ്രവൃത്തികളുടെ ഫയലുകളിൽ സൈറ്റ് പ്ലാൻ , എസ്റ്റിമേറ്റ് റിപ്പോർട്ട് , റോഡ് കണക്റ്റിവിറ്റി മാപ്പ് (ചെയിനേജ്) എന്നിവ ഇല്ല. ഒരേ പ്രവർത്തിയ്ക്ക് ഒരു വർഷം വിവിധ പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ കാരണം രേഖപ്പെടുത്തിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| | പ്രോജക്റ്റിന്റെ പേര് | പ്രോജക്റ്റുകളുടെ നം. |
|---|---|---|
| 1 | ഇടനാട് കനാൽ ബണ്ട് റോഡ് | 71/21-22, 211/21-22, 141/21-22, 158/21-22 |
| 2 | തറനിലം റോഡ് | 208/21-22, 223/21-22 |
| 3 | എസ് റ്റി കോളനി റോഡ് | 120/21-22, 157/21-22 |
| 4 | പള്ളി ആറങ്കാവ് റോഡ് | 143/21-22, 168/21-22 |
| 5 | ചിറങ്ങര റോഡ് | 24/21-22,150/21-22 |
| 6 | ഹോമിയോ ഹോസ്പിറ്റൽ നവീകരണം | 174/21-22 ,162/21-22₂₁ |

ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും ഓരോ വർഷവും നടത്തുവാൻ ഉദ്ദേശിക്കുന്ന പൊതുമരാമത്ത് പണികളുടെ ലിസ്റ്റും ഇതിൽ ഉൾപ്പെട്ട ഓരോ പ്രവൃത്തികളുടെയും റഫ് കോസ്റ്റ് എസ്റ്റിമേറ്റും തയ്യാറാക്കേണ്ടതാണ്. ആ ലിസ്ററിലുള്ള വർക്കുകൾക്കാണ് ഭരണാനുമതി നല്കേണ്ടത്. കാഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരമല്ല പ്രവൃത്തി നടപ്പാക്കിയിട്ടുള്ളത്. മേൽപ്പറഞ്ഞ പ്രോജക്റ്റുകളിൽ ചില ഇനം പ്രവർത്തികൾ ആ പ്രവൃത്തിയുടെ തന്നെ മറ്റ് പ്രോജക്റ്റുകളിലും ആവർത്തിക്കുന്നുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ തുക ഇരട്ടിപ്പായി ചെലവ് ചെയ്തിട്ടുണ്ടോ എന്ന് ഉറപ്പാക്കാനായിട്ടില്ല. മരാമത്ത് പ്രവൃത്തികൾ സുതാര്യമായി നടപ്പാക്കേണ്ടതും ഫയലുകളിൽ കൃത്യമായ രേഖകൾ സഹിതം പരിശോധനയ്ക്കായി ഹാജരാക്കേണ്ടതുമാണ്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.21/15.2.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-27 ഹെർബർട്ട് റോഡ് മെയിന്റനൻസ് -അപാകതകൾ

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | ഹെർബർട്ട് റോഡ് മെയിന്റനൻസ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റൻറ് എൻജിനിയർ |
| പ്രോജക്റ്റിന്റെ നം / വർഷം | 73/21-22 |
| അടങ്കൽ തുക / ഫണ്ട് | 10,00,000/-രൂപ, മെയിന്റനൻസ് ഗ്രാന്റ് (റോഡ്) |
| ചെലവ് തുക/ ബിൽ നം തിയതി | 9,46,547/-രൂപ, ബിൽ നം.357/27.3.22 |
| എം ബുക്ക് നം | 504/21-22 |

കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് അസിസ്റ്റൻറ് എൻജിനിയർ 2021-22 വർഷം നടപ്പാക്കിയ ഹെർബർട്ട് റോഡ് മെയിന്റനൻസ് എന്ന പ്രോജക്റ്റിനായി 10,00,000/-രൂപ അടങ്കൽ നിശ്ചയിച്ച് 9,46,547/-രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രവർത്തി PWD റോഡിൽ ടൈൽ വിരിക്കുന്നതിനാണ് നടപ്പാക്കിയിട്ടുള്ളത് . ഈ പ്രവർത്തിയ്ക്ക് PWD അസി. എക്സിക്യൂട്ടീവ് എൻജിനിയറുടെ NOC ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ PWD റോഡിൽ നിർമ്മാണ പ്രവർത്തി നടപ്പാക്കുന്നതിനല്ല ഡി പിസി യുടെ അംഗീകാരം നേടിയിട്ടുള്ളത് . റോഡ് പ്രവൃത്തികളുടെ പദ്ധതി മാർഗ്ഗ രേഖ നിർദ്ദേശങ്ങൾ (GO (MS)11/2018/LSGD Dt.29.1.2018) പ്രകാരം അതാത് തദ്ദേശ

ഭരണസ്ഥാപനത്തിന്റെ റോഡ് രജിസ്റ്ററിൽ ഉൾപ്പെട്ട റോഡുകൾ മാത്രമേ റോഡ് മെയ്ന്റനൻസ് ഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കാൻ പാടുള്ളു എന്നും തദ്ദേശഭരണ സ്ഥാപനങ്ങൾ പെതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള റോഡുകളിൽ ഒരു തരത്തിലുള്ള നിർമ്മാണ പ്രവൃത്തികളും നടത്തുവാൻ പാടില്ല എന്നും വ്യക്തമാക്കിയിട്ടുള്ളതാണ് .

ഈ നിർമ്മാണ പ്രവൃത്തിയിൽ ഉൾപ്പെട്ട സ്ഥലം പഞ്ചായത്തിന്റെ ആസ്തിയാണോ എന്നും ഈ കാലയളവിൽ PWD ൽ നിന്നും പ്രസ്തുത റോഡ് വർക്കുകൾ നടപ്പാക്കുന്നതിന് തുക ചെലവഴിച്ചിട്ടുണ്ടോ/ഇല്ലയോ എന്നും രേഖകൾ സഹിതം വിശദീകരിക്കപ്പെടുന്നതിനായി ആവശ്യപ്പെട്ട് നല്കിയ എൻക്വയറിയ്ക്ക് (നം.18തി. 15.2.2023) മറുപടി ലഭ്യമാക്കിയതിൽ പ്രസ്തുത റോഡിൽ നിർമ്മാണ പ്രവർത്തി നടപ്പാക്കുന്നതിനായി PWD യിൽ നിന്നുള്ള NOC ലഭിച്ചതിനാലാണ് പ്രവൃത്തി നടപ്പാക്കിയത് എന്ന് അറിയിച്ചു. എന്നാൽ PWD റോഡിൽ നിർമ്മാണ പ്രവർത്തി നടപ്പാക്കിയതിന് ബന്ധപ്പെട്ട അധികാരികളിൽ നിന്ന് സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

## 1-28 റോഡ് മെയിന്റനൻസ് പ്രവൃത്തികളിലെ അപാകതകൾ

കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് അസിസ്റ്റൻറ് എൻജിനീയർ , മുൻ വർഷങ്ങളിൽ ചെയ്ത റോഡ് മെയിന്റനൻസ് പ്രവൃത്തികൾ വീണ്ടും നടപ്പാക്കുന്നതായി കാണുന്നു. 2021-22 വർഷം നടപ്പാക്കിയ ഈ പ്രവൃത്തികളുടെ ഫയലുകളിൽ സൈറ്റ് പ്ലാൻ , എസ്റ്റിമേറ്റ് റിപ്പോർട്ട് , റോഡ് മാപ്പ് (ചെയിനേജ്) എന്നിവ ഇല്ല. അതിനാൽ ഒരേ പ്രവൃത്തികൾ തുടർ വർഷങ്ങളിൽ നടപ്പാക്കിയിന്റെ കാരണം വ്യക്തമാക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

I)ആലിൻചുവട് റോഡ് മെയിന്റനൻസ്

| പ്രവൃത്തി | 2020-21 വർഷം | 2021-22 വർഷം |
|---|---|---|
| പ്രോജക്ടിന്റെ പേര് | ആലിൻചുവട് റോഡ് മെയിന്റനൻസ് | ആലിൻചുവട് റോഡ് മെയിന്റനൻസ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റൻറ് എൻജിനിയർ | അസിസ്റ്റൻറ് എൻജിനിയർ |
| പ്രോജക്ടിന്റെ നം / വർഷം | 1)51/20-21 | 1)161/21-22 |
| അടങ്കൽ തുക / ഫണ്ട് | 1)6,40,000/-രൂപ, മെയിന്റൻസ് ഗ്രാന്റ് ( റോഡ്) | 1)9,00,000/-രൂപ, മെയിന്റൻസ് ഗ്രാന്റ് ( റോഡ്) |
| ചെലവ് തുക/ ബിൽ നം തിയതി | 1)553568/-രൂപ, | 1)9,00,000/-രൂപ, ബിൽ നം.358/27.3.22 |
| എം ബുക്ക് നം | 588/20-21<br>589/20-21 | 503/21-22 |

കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് അസിസ്റ്റൻറ് എൻജിനിയർ 2021-22 വർഷം നടപ്പാക്കിയ ആലിൻചുവട് റോഡ് മെയിന്റനൻസ് എന്ന പ്രോജക്ടിനായി തയ്യാറാക്കി 9,00,000/-രൂപ അടങ്കൽ നിശ്ചയിച്ച് 9,00,000/-രൂപ, ചെലവഴിച്ചിട്ടുണ്ട്. ഈ മരാമത്ത് പ്രവൃത്തിയുടെ ഹാജരാക്കിയ ഫയലിൽ Running Account Bill, ഹാജരാക്കിയ ബില്ലിൽ മെമ്മൊറാണ്ടം ഓഫ് പേയ്മെന്റ് (സ്റ്റാമ്പ് പതിച്ചത്) എന്നിവയും ഉൾപ്പെടുത്തിയിട്ടില്ല. ഒരേ പ്രവൃത്തികൾ തുടർ വർഷങ്ങളിൽ നടപ്പാക്കുമ്പോൾ സ്പിൽ ഓവർ പ്രോജക്ടായിട്ടാണ് നടപ്പാക്കേണ്ടത്. ഈ പ്രോജക്ടിൽ ചില ഇനം പ്രവർത്തികൾ ആ പ്രവൃത്തിയുടെ തന്നെ തുടർ പ്രോജക്ടിലും ആവർത്തിക്കുന്നുണ്ട്. ആയതിനാൽ തുക ഇരട്ടിപ്പായി ചെലവു ചെയ്തിട്ടുണ്ടോ എന്ന് ഉറപ്പാക്കാനായിട്ടില്ല. കൂടുതൽ അന്വേഷണം നടത്തി പ്രോജക്ടിന്റെ കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തി ഫയൽ പരിശോധനയ്ക്കായി ഹാജരാക്കുന്നതുവരെ 9,00,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

കൂടാതെ ഈ പ്രോജക്ടിൽ കാലി ബാരലിന്റെ വില കുറവു ചെയ്തിട്ടില്ല. വിശദാംശം ഖണ്ഡിക 3-1 ആയി ചേർത്തിട്ടുണ്ട്.

II)അപ്പേലിക്കടവ് റോഡ് മെയിന്റനൻസ്

| പ്രവൃത്തി | 2020-21 വർഷം | 2021-22 വർഷം |
|---|---|---|
| പ്രോജക്ടിന്റെ പേര് | അപ്പേലിക്കടവ് റോഡ് മെയിന്റനൻസ് | അപ്പേലിക്കടവ് റോഡ് മെയിന്റനൻസ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റൻറ് എൻജിനിയർ | അസിസ്റ്റൻറ് എൻജിനിയർ |
| പ്രോജക്ടിന്റെ നം / വർഷം | 1)69/20-21 | 1)152/21-22 |
| അടങ്കൽ തുക / ഫണ്ട് | 1)5,40,000/-രൂപ, മെയിന്റൻസ്ഗ്രാന്റ് (റോഡ്) | 1)10,52,000/-രൂപ, മെയിന്റൻസ് ഗ്രാന്റ് ( റോഡ്) |
| ചെലവ് തുക/ ബിൽ നം തിയതി | 1)530293/-രൂപ, | 1)9,47,853/-രൂപ, ബിൽ നം.325/27.3.22 |
| എം ബുക്ക് നം | 32/20-21 | 137/21-22,<br>125/21-22 |

2021-22 വർഷം നടപ്പാക്കിയ ഈ പ്രവൃത്തിയുടെ ഫയലിൽ സൈറ്റ് പ്ലാൻ , എസ്റ്റിമേറ്റ് റിപ്പോർട്ട് , റോഡ് മാപ്പ് (ചെയിനേജ്) എന്നിവ ഇല്ല. അതിനാൽ ഒരേ പ്രവൃത്തികൾ തുടർ വർഷങ്ങളിൽ നടപ്പാക്കിയതിന്റെ കാരണം വ്യക്തമല്ല. ചില ഇനം പ്രവർത്തികൾ ആ പ്രവൃത്തിയുടെ തന്നെ തുടർ പ്രോജക്റ്റിലും ആവർത്തിക്കുന്നുണ്ട്. ഒരേ പ്രവൃത്തികൾ തുടർ വർഷങ്ങളിൽ നടപ്പാക്കുമ്പോൾ സ്പിൽ ഓവർ പ്രോജക്ടായി നടപ്പാക്കാവുന്നതാണ്. അല്ലെങ്കിൽ നടപ്പാക്കുന്ന പ്രവൃത്തികളിൽ ഇരട്ടിപ്പ് വന്നിട്ടില്ല എന്നുറപ്പാക്കുന്നതിന് ആവശ്യമായ രേഖകൾ ഫയലിൽ സൂക്ഷിച്ചിരിക്കേണ്ടതാണ്. മേൽ അപാകതകൾക്ക് വിശദീകരണം /രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കുന്നതിനായി ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15 . തീ. 15.02.2023 ) മറുപടി ലഭ്യമാക്കിയില്ല. കൂടുതൽ അന്വേഷണം നടത്തി രേഖകൾ കൃത്യമായ രീതിയിൽ ഹാജരാക്കുന്നതുവരെ ഈയിനത്തിൽ ചെലവഴിച്ച തുക 9,47,853/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-29 പ്രോജക്ടുകൾക്ക് അധിക വിഹിതം നല്കൽ

| പ്രോജക്ടിന്റെ പേര് | പ്രോജക്ടുകൾക്ക് അധിക വിഹിതം നല്കൽ |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റൻറ് എൻജിനിയർ |
| പ്രോജക്ടിന്റെ നം / വർഷം | 1)225/21-22 |
| അടങ്കൽ തുക / ഫണ്ട് | 1)547000/-രൂപ, മെയിന്റൻസ് ഗ്രാന്റ് (റോഡ്)<br>2)30900/- രൂപ, വികസന ഫണ്ട് |
| ചെലവ് തുക/ ബിൽ നം തിയതി | (I)167985/-<br>1)(334/23.03.22 – 6337/-<br>2)335/ 23.03.22 – 34614/-<br>3)359/ 28.03.22 – 28453/-<br>4)374/ 30.03.22 – 18312/-<br>5)270/ 04.03.22 – 26327/-<br>6)271/ 04.03.22 – 22930/- |

| | |
|---|---|
| | 7)272/ 04.03.22 – 21873/-<br>8)276/ 05.03.22 – 5963/-<br>9)241/ 19.02.22 – 3176/-)<br>167985/-<br>(ii)16719/-(ബിൽനം.240/19.2.22 ) |

കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് അസിസ്റ്റൻറ് എൻജിനിയർ 2021-22 വർഷം നടപ്പാക്കിയ 17റോഡ് വർക്ക്/മരാമത്ത് പ്രവൃത്തികൾക്ക് ടെൻഡർ എക്സസ് അനുവദിച്ച് നല്കുന്നതിന് "പ്രോജകറ്റുകൾക്ക് അധിക വിഹിതം നല്കൽ" എന്ന പ്രോജക്റ്റ് തയ്യാറാക്കി 6,02,900/-രൂപ അടങ്കൽ നിശ്ചയിച്ച് 1,84,104/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ആശാൻ പാപ്പ റോഡ് മെയിന്റനൻസ് എന്ന പ്രവൃത്തിയ്ക്കായും ടെൻഡർ എക്സസ് ഇനത്തിൽ 5963/-രൂപ നല്കിയിട്ടുണ്ട്. എന്നാൽ ടെൻഡർ എക്സസ് ഉൾപ്പെടെയുള്ള തുകയാണ് ടി പ്രവൃത്തിയ്ക്ക് കരാറുകാരന് നല്കിയിട്ടുള്ളത്. വിശദാംശം ഖണ്ഡിക 3-2 ആയി ചേർത്തിട്ടുണ്ട്.

## 1-30 കൃഷിഭവൻ - ട്രെയിനിംഗ് ഹാൾ നിർമ്മാണം

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കൃഷിഭവൻ - ട്രെയിനിംഗ് ഹാൾ നിർമ്മാണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റൻറ് എൻജിനിയർ |
| പ്രോജക്ടിന്റെ നം / വർഷം | 1)226/21-22 |
| അടങ്കൽ തുക / ഫണ്ട് | 1)10,51,000/-രൂപ, മെയിന്റൻസ് ഗ്രാന്റ് (നോൺ റോഡ്) |
| ചെലവ് തുക/ ബിൽ നം തിയതി | 5,18,208/-ബിൽ നം.372/31.3.22 |

കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് അസിസ്റ്റൻറ് എൻജിനിയർ 2021-22 വർഷം നടപ്പാക്കിയ കൃഷിഭവൻ - ട്രെയിനിംഗ് ഹാൾ നിർമ്മാണം എന്ന പ്രോജക്റ്റിനായി 10,51,000/- രൂപ മെയിന്റൻസ് ഗ്രാന്റ് (നോൺ റോഡ്) അടങ്കൽ നിശ്ചയിച്ച് 5,18,208/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയുടെ കരാറുകാരനുമായുള്ള എഗ്രിമെന്റിൽ പ്രവൃത്തിയുടെ കാലാവധി ചേർത്തിട്ടില്ല. സെലക്ഷൻ നോട്ടീസ് പ്രകാരം ആറു മാസമാണ് പൂർത്തികരണ കാലാവധി. ഒന്നാം പാർട്ട് ബിൽ പ്രകാരം റീടെൻഷൻ തുക കുറവു ചെയ്യതായി രേഖപ്പെടുത്തിയിട്ടില്ല. ഫയൽ അപൂർണ്ണമായാണ് ഹാജരാക്കിയത്. നിലവിലുള്ള കൃഷി ഭവൻ കെട്ടിടത്തിന്റെ ട്രസ്സ് വർക്ക് ചെയ്ത് ഹാൾ നിർമ്മിക്കുന്നതിനാണ് പ്രവൃത്തി. 5,18,208/-രൂപ പാർട്ട് ബില്ല് പ്രകാരം ചെലവഴിച്ചിട്ടും ഒരു വർഷത്തോളമായിട്ടും പ്രവൃത്തി പൂർത്തികരിച്ചില്ല. ആയതിനാൽ തുടർന്ന് പ്രവൃത്തി പൂർത്തികരിക്കുന്ന ചെലവു തുകയിൽ നിന്നും നിയമാനുസൃതമായ ഫൈൻ ഈടാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

(വിശദീകരണം /രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കുന്നതിനായി ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം 3. തീ. 09.02.23 ) മറുപടി ലഭ്യമാക്കിയതിൽ പ്രവൃത്തി ഉടൻ പൂർത്തികരിക്കുന്നതാണ് എന്ന് അറിയിച്ചു.)

## 1-31 സർക്കാർ അനുമതിയില്ലാതെ ആർജിതാവധി സറണ്ടർ ആനുകൂല്യം നൽകി

സർക്കാർ, അർദ്ധ-സർക്കാർ, സർവ്വകലാശാല, പൊതുമേഖലാ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുൾപ്പെടെ മുഴുവൻ വിഭാഗം ജീവനക്കാരുടേയും ആർജിതാവധി പണമാക്കി മാറ്റുന്നതിനുള്ള (Periodical Surrender Of Earned Leave) അവകാശം താല്ക്കാലികമായി മാറ്റി വെച്ചു കൊണ്ട്, GO (P) No.42/2020/Fin. Dated 16.04.2020, GO (P) No.43/2020/Fin. Dated 17.04.2020, 17.07.2020-ലെ GO(P) No. 94/2020/Fin,GO(P) No. 104/2021/ Fin. Dated 26/07/2021 എന്നിവ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഓഫീസ് അറ്റൻഡന്റ്,ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ എന്നിവർക്ക് മാത്രമാണ് ആർജിതാവധി പണമാക്കി മാറ്റുന്നതിന് അവകാശം ഉണ്ടായിരുന്നത്.

മേൽ പറഞ്ഞ ഉത്തരവുകളിലൂടെ മാറ്റി വെയ്ക്കപ്പെട്ട ആർജിതാവധി സറണ്ടർ ആനുകൂല്യം, സറണ്ടർ തുക പി.എഫിൽ ലയിപ്പിക്കേണ്ടതാണെന്ന വ്യവസ്ഥയിൽ 2020 നവംബർ മാസം മുതൽ അനുവദിക്കുന്നതാണെന്നും, ഇപ്രകാരം ലയിപ്പിക്കുന്ന തുക 2021 ജൂൺ 1 മുതൽ മാത്രമേ അനുവദിക്കുകയുള്ളൂ എന്നും 05.11.2020-ലെ സ.ഉ.(അ) നം. 152/2020/ധന. ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിരുന്നു. ജി ഒ (പി) നമ്പർ 104/2021, 26.7.2021 പ്രകാരമുള്ള ഉത്തരവനുസരിച്ച് 1.6.2021 മുതൽ മുൻകാലപ്രാബല്യത്തോടെ യാണ് ആർജിതാവധി പണമാക്കൽ അടുത്ത 6 മാസത്തേക്ക് കൂടി ദീർഘിപ്പിച്ചിട്ടുള്ളത്.

ആർജിതാവധി സറണ്ടർ ആനുകൂല്യം പണമാക്കി മാറ്റുന്നതിനുള്ള അവകാശം മാറ്റി വെക്കപ്പെട്ടിട്ടുണ്ടെന്നിരിക്കെ, സർക്കാർ ഉത്തരവിനു വിരുദ്ധമായി പഞ്ചായത്തിലെ താഴെ പറയുന്ന 9 ജീവനക്കാർ അവരുടെ 30 ദിവസത്തെ ആർജിതാവധി പണമാക്കി കൈപ്പറ്റിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നം | ജീവനക്കാരന്റെ പേര് | തസ്തിക | കൈപ്പറ്റിയ തുക | വൗച്ചർ നം , തീയതി |
|---|---|---|---|---|
| 1 | എം. ജയശ്രീ | അസിസ്റ്റന്റ് സെക്രട്ടറി | 59829 | Vr No. 22100207 07/06/2021 ചെക്ക് നമ്പർ: 55886 07/06/2021 |
| 2 | മാധവൻ ഇ.എ | അക്കൗണ്ടന്റ് | 57054 | |
| 3 | മിനിമോൾ കെ. | സീനിയർ ക്ലർക്ക് | 45843 | |
| 4 | സ്മിതാ തോമസ്സ് | ,, | 45843 | |
| 5 | മഞ്ജു ടി.എസ് | ,, | 45843 | |
| 6 | സരിത ടി.ജി. | ക്ലർക്ക് | 33633 | |
| 7 | വിഷ്ണു ബാലൻ | ,, | 29555 | |
| | ആകെ | | 317600 | |

മേൽ പറഞ്ഞ പ്രകാരം സർക്കാർ ഉത്തരവിനു വിരുദ്ധമായി ആർജിതാവധി പണമാക്കി മാറ്റി 3,17,600/- രൂപ ജീവനക്കാർ കൈപ്പറ്റിയിട്ടുണ്ട്. 2021-22 ലെ ആർജിതാവധി പണമാക്കി മാറ്റിയത് സർക്കാർ ഉത്തരവില്ലാതെയാണെന്ന് കാണുന്നു. ആയതിന് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നല്കിയ എൻക്വയറി നം. 26/16.02.2023 ന് മറുപടി നല്കിയിട്ടില്ല.

മേൽസാഹചര്യത്തിൽ ആർജിതാവധി സറണ്ടർ ചെയ്ത ഇനത്തിൽ അനുവദിച്ച തുക തിരികെ ഈടാക്കുന്നതുവരെ ഈയിനത്തിൽ ചെലവഴിച്ച 3,17,600/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

1-32 റിവർ മാനേജ് മെന്റ് ഫണ്ട്-ബാദ്ധ്യത തുക അക്കൌണ്ടിൽ ഇല്ല

വാർഷിക ധനകാര്യപ്പത്രികയിൽ ബാദ്ധ്യത ഷെഡ്യൂളിൽ കാണിച്ചിരിക്കുന്ന തുകയ്ക്ക് തുല്യമായ ബാലൻസ് അക്കൌണ്ടിൽ ഇല്ല

റിവർ മാനേജ് മെന്റ് ഫണ്ടിനത്തിൽ 2015 വരെ ഈ പഞ്ചായത്തിൽ നിന്ന് തുക അടച്ചിട്ടുണ്ടായിരുന്നു. എന്നാൽ തുടർന്ന് ഈ പഞ്ചായത്തിലെ മണൽക്കടവുകളിൽ നിന്ന് മണൽ വാരൽ നിന്നു പോയതിനാൽ റിവർ മാനേജ് മെന്റ് ഫണ്ടിനത്തിലും, റോയൽറ്റി ഇനത്തിലും ഈ പഞ്ചായത്തിൽ നിന്ന് തുകയൊന്നും അടച്ചിട്ടില്ല. ടി തുകയാണ് ബാലൻസ് ഷീറ്റിൽ B-9 ഷെഡ്യൂളിൽ താഴെപ്പറയുന്ന ഹെഡ് ഓഫ് അക്കൌണ്ടുകളിൽ ബാദ്ധ്യതയായി രേഖപ്പെടുത്തിയിരിക്കുന്നത്. അതായത് മേൽപ്പറഞ്ഞ ഇനങ്ങളിൽ പഞ്ചായത്തിന് അടയ്ക്കാൻ ബാക്കി നിൽക്കുന്നത് 1,07,61,920/- രൂപയാണ്.

| ഹെഡ് ഓഫ് അക്കൌണ്ട് | ഇനം | തുക |
|---|---|---|
| 350 300 107 | Government And Other Dues Payable-River Management Fund | 1,05,21,582 |
| 350 300 108 | Government And Other Dues Payable-Royalty | 2,40,338 |
| | ആകെ | 1,07,61,920 |

അതേസമയം കാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ വാർഷികധനകാര്യപ്പത്രിക പ്രകാരം 31.03.2022 ൽ വിവിധ ബാങ്ക് -ട്രഷറി അക്കൌണ്ടുകളിലായി ആകെ 94,98,857/- രൂപയാണ് തനത് ഫണ്ട് നീക്കിയിരുപ്പായി കാണുന്നത്.

മണൽ വാരലിൽ നിന്ന് ലഭ്യമായ വരുമാനത്തിന്റെ നിശ്ചിത ശതമാനം റിവർ മാനേജ് മെന്റ് ഫണ്ടിലേക്കും. റോയൽറ്റി തുകയായും അടയ്ക്കേണ്ടതാണ് . എന്നാൽ 2015 മുതൽ ഇപ്രകാരം അടയ്ക്കുവാൻ ബാക്കി നിൽക്കുന്ന തുക നാളിതുവരെ സർക്കാരിലേക്ക് തിരിച്ചടയ്ക്കാത്തത് ശരിയായ നടപടിയല്ല. ഇതു പരിശോധിക്കുന്നതിനായി ഫയലും അനുബന്ധ രേഖകളും പരിശോധനയ്ക്കായി ഹാജരാക്കിയില്ല.

മേൽപ്പറഞ്ഞ തുക തനത് ഫണ്ടിനത്തിന്റെ കൂടെ അതേബാങ്കിൽ തന്നെ നിക്ഷേപിച്ചതിനാൽ ടി തുക പഞ്ചാത്തത് തനത് ഫണ്ട് പോലെ കരുതി വിനിയോഗിച്ചതിനാലാണ് ബാലൻസ് ഷീറ്റിലെ B9 ഷെഡ്യൂളിൽ പ്രസ്തുത തുക ബാദ്ധ്യതയായി രേഖപ്പെടുത്തപ്പെട്ടിരിക്കുന്നത്. എന്നാൽ ബാലൻസ് ഷീറ്റിലെ ബാദ്ധ്യത തുകയ്ക്ക് തുല്യമായി ബാങ്ക് അക്കൌണ്ടിൽ നീക്കിയിരുപ്പ് ഇല്ലാത്തത് ക്രമവിരുദ്ധമായ നടപടിയാണ്.. മേൽ അപാകത പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-33 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല- ഡെപ്പോസിറ്റ് ചെയ്ത തുക തടസ്സപ്പെടുത്തുന്നു

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റിബോർഡ് | വിവിധ വാർഡുകളിൽ | 1051 തീയതി. | 2,62,296 | 0 | 2,62,296 |

| | | | | | |
|---|---|---|---|---|---|
| | സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ പ്രൊ.നം. S0127 /22 | 31.03.2022 | | | |
| കേരള വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ പ്രൊ.നം. S0136/22 | 1057 തീയതി. 31.03.2022 | 8,79,000 | 0 | 8,79,000 |
| | ആകെ | | 11,41,296 | 0 | 11,41,296 |

മേൽപ്പറഞ്ഞ പ്രകാരം KSEB, KWA എന്നീ സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ് ചെയ്തിരിക്കുന്ന തുകയുടെ വിനിയോഗസാക്ഷ്യപ്പത്രം ലഭ്യമാക്കുന്നതുവരെ തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ആലിൻചുവട് റോഡ് മെയിന്റനൻസ്-അപാകതകൾ

കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് അസിസ്റ്റൻറ് എൻജിനീയർ , ആലിൻചുവട് റോഡ് മെയിന്റനൻസ് പ്രവൃത്തിയിൽ കാലി ബാരൽ വില കുറവു ചെയ്തിട്ടില്ല. ഈ തുക കുറവു ചെയ്യാതെയാണ് ടെൻഡർ എക്സസ് നല്കിയത്. (അതുപോലെ തന്നെ ടാർ വിലയിന്മേലും വിലവ്യത്യാസം അനുവദിക്കേണ്ടതില്ല.) വിശദാംശം ചുവടെ ചേർക്കുന്നു.

I)ആലിൻചുവട് റോഡ് മെയിന്റനൻസ്

| | |
|---|---|
| പ്രവൃത്തി | 2021-22 വർഷം |
| പ്രോജക്ടിന്റെ പേര് | ആലിൻചുവട് റോഡ് മെയിന്റനൻസ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റൻറ് എൻജിനിയർ |
| പ്രോജക്ടിന്റെ നം / വർഷം | 1)161/21-22 |
| അടങ്കൽ തുക / ഫണ്ട് | 1)9,00,000/-രൂപ, മെയിന്റനൻസ് ഗ്രാന്റ് ( റോഡ്) |
| ചെലവ് തുക/ ബിൽ നം തിയതി | 1)9,00,000/-രൂപ, ബിൽ നം.358/27.3.22 |
| എം ബുക്ക് നം | 503/21-22 |

കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് അസിസ്റ്റൻറ് എൻജിനിയർ 2021-22 വർഷം നടപ്പാക്കിയ ആലിൻചുവട് റോഡ് മെയിന്റനൻസ് എന്ന പ്രോജക്ടിനായി 9,00,000/-രൂപ അടങ്കൽ നിശ്ചയിച്ച് 9,00,000/-രൂപ, ചെലവഴിച്ചിട്ടുണ്ട്. ഈ മരാമത്ത് പ്രവൃത്തിയുടെ ഹാജരാക്കിയ ഫയലിൽ Running Account Bill, ഹാജരാക്കിയ ബില്ലിൽ മെമ്മൊറാണ്ടം ഓഫ് പേയ്മെന്റ് (സ്റ്റാമ്പ് പതിച്ചത്) എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. മാത്രമല്ല ഈ പ്രോജക്ടിൽ കാലി ബാരലിന്റെ വില കുറവു ചെയ്തതായുള്ള വിശദാംശം ഫയലിൽ ഇല്ല. അതായത് ഉപയോഗിച്ച ടാറിന്റെ

അളവ് VG 30- 4249 Kg, RS1-428 Kg . കാലി ബാരലിന്റെ എണ്ണം 30. കാലി ബാരലിന്റെ വില 237/-രൂപ നിരക്കിൽ 7110/- രൂപയും 18% നിരക്കിൽ GST 1279/-രൂപയും ഉൾപ്പെടെ കരാറുകാരന് അധികം നല്കിയതുക 8389/-രൂ തിരികെ ഈടാക്കേണ്ടതാണ്.

3-2 ടെൻഡർ എക്സസ് വീണ്ടും നല്കിയത് തിരികെ ഈടാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പ്രോജകറ്റുകൾക്ക് അധിക വിഹിതം നല്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റൻറ് എൻജിനിയർ |
| പ്രോജക്ടിന്റെ നം / വർഷം | 1)225/21-22 |
| അടങ്കൽ തുക / ഫണ്ട് | 1)547000/-രൂപ, മെയിന്റൻസ് ഗ്രാന്റ് (റോഡ്)<br>2)30900/- രൂപ, വികസന ഫണ്ട് |
| ചെലവ് തുക/ ബിൽ നം തിയതി | (I)167985/-<br>1)(334/23.03.22 – 6337/-<br>2)335/ 23.03.22 – 34614/-<br>3)339/ 28.03.22 – 28453/-<br>4)374/ 30.03.22 – 18312/-<br>5)270/ 04.03.22 – 26327/-<br>6)271/ 04.03.22 – 22930/-<br>7)272/ 04.03.22 – 21873/-<br>8)276/ 05.03.22 – 5963/-<br>9)241/ 19.02.22 – 3176/-)<br>(li)16719/-(ബിൽനം.240/19.2.22 ) |

കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് അസിസ്റ്റൻറ് എൻജിനിയർ 2021-22 വർഷം നടപ്പാക്കിയ 17റോഡ് വർക്ക്/മരാമത്ത് പ്രവൃത്തികൾക്ക് ടെൻഡർ എക്സസ് അനുവദിച്ച് നല്കുന്നതിന് "പ്രോജകറ്റുകൾക്ക് അധിക വിഹിതം നല്കൽ" എന്ന പ്രോജക്റ്റ് തയ്യാറാക്കി 6,02,900/-രൂപ അടങ്കൽ നിശ്ചയിച്ച് 1,84,704/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ആശാൻ പാപ്പ റോഡ് മെയിന്റനൻസ് എന്ന പ്രവൃത്തിയ്ക്കായും ടെൻഡർ എക്സസ് ഇനത്തിൽ 5963/-രൂപ നല്കിയിട്ടുണ്ട്. എന്നാൽ ടെൻഡർ എക്സസ് ഉൾപ്പെടെയുള്ള തുകയാണ് ടി പ്രവൃത്തിയ്ക്ക് കരാറുകാരന് നല്കിയിട്ടുള്ളത്.

വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രവർത്തി മൂല്യം | 1,72,915/- |
| ടെൻഡർ എക്സസ് 7.8% | 13487/- |
| GST : | 22368/- |
| | ആകെ പ്രവൃത്തി മൂല്യം 2,08,770/-രൂപ. |
| കുറയ്ക്കുക: (1)കാലി ബാരൽ വില :2808/- (2)ടാർവില അധികം നല്കിയത്: 5963/- | |
| കരാറുകാരന് നല്കാവുന്ന തുക | 2,00,000/- |
| ഫയൽ പ്രകാരം നല്കിയ തുക | 2,00,000/- |

മേൽ സൂചിപ്പിച്ച പ്രകാരം ഈ പ്രവൃത്തിയുടെ ബില്ലിൽ ടെൻഡർ എക്സസ് ഉൾപ്പെടെയുള്ള തുകയാണ് കരാറുകാരന് നല്കിയിട്ടുള്ളത്. ആയതിനാൽ വീണ്ടും ടെൻഡർ എക്സസ് ഇനത്തിൽ 5963/-രൂപ ചെലവഴിച്ചത് തിരികെ ഈടാക്കേണ്ടതാണ് . { ഹാജരാക്കിയ ഫയലിൽ രണ്ട് റണ്ണിംഗ് അക്കൌണ്ട് ബില്ലും അതോടൊപ്പം രണ്ട് മെമ്മൊറാണ്ടം ഓഫ് പേയ്മെന്റ് (സ്റ്റാമ്പ് പതിച്ചതും സ്റ്റാമ്പ് പതിക്കാത്തതും ഉൾപ്പെടുത്തിയിട്ടുണ്ട് . സ്റ്റാമ്പ് പതിച്ച മെമ്മൊറാണ്ടം ഓഫ് പേയ്മെന്റിലെ വിശദാംശം ആണ് മേൽ സൂചിപ്പിച്ചിട്ടുള്ള വിശദാംശം.} ഒരു പ്രോജക്റ്റിനായി വിവിധ ബില്ലുകൾ തയ്യാറാക്കുന്നത് എന്തിനാണ് എന്ന് വ്യക്തമല്ല. കൂടാതെ ടെൻഡർ എക്സസ് അനുവദിച്ച് നല്കുന്നതിന് "പ്രോജകറ്റുകൾക്ക് അധിക

വിഹിതം നല്കൽ" എന്ന പ്രോജക്റ്റിൽ സൂചിപ്പിച്ചിട്ടുള്ള എല്ലാ പ്രോജക്റ്റുകളുടെയും ബില്ലുകളോടൊപ്പം ഹാജരാക്കിയ മെമ്മൊറാണ്ടം ഓഫ് പേയ്മെന്റ് എല്ലാം സ്റ്റാമ്പ് പതിക്കാത്തതും ഒപ്പ് രേഖപ്പെടുത്താത്തതുമാണ്. ഇക്കാര്യത്തിൽ കൂടുതൽ അന്വേഷണം നടത്തി ശരിയായ രേഖകൾ ഫയലിൽ സൂക്ഷിക്കേണ്ടതാണ്. (വിശദീകരണം /രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കുന്നതിനായി ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം .08/ 13.02.22 ) അധിക വിഹിതം നല്കിയ പ്രോജകറ്റുകളുടെ വിവരം ലഭ്യമാക്കി.)

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2021-22 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-2022 | 10,00,000 | ലൈഫ് ഭവന നിർമ്മാണം -ജനറൽ എസ് 20/22 | 0 | 10,00,000 |
| | 2021-2022 | 30,00,000 | ലൈഫ് ഭവന നിർമ്മാണം എസ്.സി.- എസ് 27/22 | 17,96,492 | 12,03,508 |
| | 2021-2022 | 1,00,000 | ലൈഫ് ഭൂരഹിത -ഭവനരഹിത ഗുണഭോക്താക്കൾക്ക്സ്ഥലം വാങ്ങൽ എസ് 40/22 | 0 | 1,00,000 |
| | | | | | |
| | 2021-2022 | 4,37,500 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ്- എസ് 80/22 | 4,37,500 | 0 |
| ആകെ | | 45,37,500 | | 22,33,992 | 23,03,508 |
| ജില്ലാ പഞ്ചായത്ത് | 2021-2022 | 10,00,000 | ലൈഫ് ഭവന നിർമ്മാണം -ജനറൽ എസ് 20/22 | 0 | 10,00,000 |
| | 2021-2022 | 40,00,000 | ലൈഫ് ഭവന നിർമ്മാണം എസ്.സി.- എസ് 27/22 | 0 | 40,00,000 |
| | 2021-2022 | 4,37,500 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ്- | 4,37,500 | 0 |

| | | | | | |
|---|---|---|---|---|---|
| | | | എസ് 80/22 | | |
| | 2021-22 | 2,00,000 | നെൽക്കൃഷിക്ക് കൂലിചെലവ് -51/22 | 2,00,000 | 0 |
| | 2021-2022 | 5,65,788 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ്- എസ് 80/22 | 5,65,788 | 0 |
| ആകെ | | 62,03,288 | | 12,03,288 | 50,00,000 |

4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റിബോർഡ് | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ പ്രൊ.നം. S0127 /22 | 1051 തീയതി. 31.03.2022 | 2,62,296 | 0 | 2,62,296 |
| കേരള വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ പ്രൊ.നം. S0136/22 | 1057 തീയതി. 31.03.2022 | 8,79,000 | 0 | 8,79,000 |
| | ആകെ | | 11,41,296 | 0 | 11,41,296 |

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC ലൈഫ് ഭവന വായ്പ – | സർക്കാർ ഉത്തരവ് എം എസ് നം 68/18 തീയതി 18.05.2018 | 32,28,508 | 25,17,703 | 5,86,666 | - | 19,31,037 |

4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | | 1998-99 | 3.7.9.1 | തെരുവുവിളക്ക-ആവശ്യമായ സാധനങ്ങൾ വാങ്ങിയത് | നിലനില്ക്കുന്നു |
| 2003-04 | | 1998-98 | 3.7.9.2 | കമ്മ്യൂണിറ്റി ഹാൾ അഡ്വാൻസ് നല്കൽ | ഒഴിവാക്കി |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,21,24,986 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,52,94,637 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 14352 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 68,53,182 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഉത്തരവാദിയായ ആളുടെ മേൽവിലാസം |
|---|---|---|---|
| 3-1 | 8389/- | ശ്രീമതി ഷെമീന വി എ, അസിസ്റ്റന്റ് എഞ്ചിനിയർ | മല്ലശ്ശേരിൽ ഹൗസ്, പിരാരൂർ, (പി ഒ) , കാലടി |
| 3-2 | 5963/- | ശ്രീമതി ഷെമീന വി എ, അസിസ്റ്റന്റ് എഞ്ചിനിയർ | മല്ലശ്ശേരിൽ ഹൗസ്, പിരാരൂർ, (പി ഒ) , കാലടി |
| ആകെ | 14352 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | നിലവിലെ ഔദ്യോഗികമേൽവിലാസം | ഉത്തരവാദിയായ ആളുടെ മേൽവിലാസം |
|---|---|---|---|---|
| 1-21 | 20,50,000 | ശ്രീ.സന്ദീപ് സി പി ,വി.ഇ.ഒ. പാറപ്പുറം | വി.ഇ.ഒ. പാറപ്പുറം | ചാലുങ്കൽ ഹൗസ്, എസ് എൻ പുരം (പി ഒ)ചേർത്തല 688282 |
| 1-22 | 2,40,000 | ശ്രീ.സന്ദീപ് സി പി ,വി.ഇ.ഒ. പാറപ്പുറം | വി.ഇ.ഒ. പാറപ്പുറം | ചാലുങ്കൽ ഹൗസ്, എസ് എൻ പുരം (പി ഒ)ചേർത്തല 688282 |

| | | | | |
|---|---|---|---|---|
| 1-23 | 9,18,750 | ശ്രീ.സന്ദീപ് സി പി, വി.ഇ.ഒ. പാറപ്പുറം | വി.ഇ.ഒ. പാറപ്പുറം | ചാലുങ്കൽ ഹൗസ്, എസ് എൻ പുരം (പി ഒ)ചേർത്തല 688282 |
| 1-24 | 3,37,683 | ശ്രീ.സന്ദീപ് സി പി,വി.ഇ.ഒ. പാറപ്പുറം | വി.ഇ.ഒ. പാറപ്പുറം | ചാലുങ്കൽ ഹൗസ്, എസ് എൻ പുരം (പി ഒ)ചേർത്തല 688282 |
| 1-28(i) | 9,00,000 | ശ്രീമതി ഷെമീന വി എ ,അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനിയർ, കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് | മല്ലശ്ശേരിൽ ഹൗസ്, പിരാരൂർ, (പി ഒ) , കാലടി |
| 1-28(ii) | 9,47,853 | ശ്രീമതി ഷെമീന വി എ,അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനിയർ, കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് | മല്ലശ്ശേരിൽ ഹൗസ്, പിരാരൂർ, (പി ഒ) , കാലടി |
| 1-31 | 3,17,600 | ശ്രീ.ടി.എസ്.പ്രസാദ്, സെക്രട്ടറി. | സെക്രട്ടറി, മഞ്ഞപ്ര ഗ്രാമപഞ്ചായത്ത് | താന്നിക്കുഴിയിൽ, നീലീശ്വരം പി.ഒ. |
| 1-33 | 11,41,296 | ശ്രീ.ടി.എസ്.പ്രസാദ്, സെക്രട്ടറി. | സെക്രട്ടറി, മഞ്ഞപ്ര ഗ്രാമപഞ്ചായത്ത് | താന്നിക്കുഴിയിൽ, നീലീശ്വരം പി.ഒ. |
| ആകെ | 68,53,182 | | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ/ ഔദ്യോഗിക നാമം |
|---|---|---|
| 1-19 | 21,972/- | ശ്രീ.ടി.എസ്.പ്രസാദ്, സെക്രട്ടറി. |
| | | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക : 1-28

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ/തീയതി |
|---|---|
| 1998-99(ചെലവ്) | എൽ.എഫ്.ഇ(പി-4)846/03/12.11.2003 |
| 1999-00, 2001-02(ചെലവ്) | എൽ.എഫ്.ഇ(പി-4)1696/03/ |
| 2004-05 | എൽ.എഫ്.ഇ(പി-4)593/10/05.07.2011 |
| 2005-06 | എൽ.എഫ്.ഇ(പി-4)594/10/05.07.2011 |
| 2006-07 | എൽ.എഫ്.ഇ(പി-4)242/08/04.04.2008 |
| 2007-08 | എൽ.എഫ്.ഇ(പി-4)1704/11/16.04.2012 |
| 2008-09 | എൽ.എഫ്.ഇ(പി-4)1705/11/16.04.2012 |
| 2009-10 | എൽ.എഫ്.ഇ(പി-4)1723/12/20.10.2012 |
| 2010-11 | എൽ.എഫ്.ഇ(പി-4)1723/12/20.10.2012 |
| 2011-12 | എൽ.എഫ്.ഇ(പി-4)1723/12/20.10.2012 |
| 2012-13, 2013-14 | എൽ.എഫ്.ഇ(പി-4)1773/14/06.04.2015 |
| 2014 - 15 | എൽ.എഫ്.ഇ(പി.1) 1078/16/01.07.2016 |
| 2015- 16 | നം.കെ.എസ്.എ.-ഇകെഎം (പി.13) 2124/2016 |
| 2016-17 | നം.കെ.എസ്.എ.-ഇകെഎം (പി.13) 2176/17/ 29.11.2017 |
| 2017-18 | നം.കെ.എസ്.എ.-ഇകെഎം (പി.13) 146/19/ 18.03.2019 |
| 2018-19 | നം.കെ.എസ്.എ.-ഇകെഎം (പി.13) 257/20/ 13.03.2020 |
| 2019-20 | നം.കെ.എസ്.എ.-ഇകെഎം (പി.13) 490/21/ 29.03.2021 |
| 2020-21 | നം.കെ.എസ്.എ.-ഇകെഎം (പി.13) 1952/21 / 12.04.2022 |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ കാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ കാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്